“അതുപോലെ നിങ്ങളും നാവുകൊണ്ടു തെളിവായവാക്ക് ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നതെന്തെന്ന് എങ്ങനെ തിരിച്ചറിയും”.1കൊരി.14/9

പെന്തക്കോസ്തുനാളിൽ പരിശൂദ്ധാത്മാവിന്റെ വരങ്ങൾ ലഭിച്ചപ്പോൾ വന്നുകൂടിയ വിവിധ ദേശക്കാരോട് അപ്പോസ്തലന്മാർ അവരവരുടെ ഭാഷകളിൽ സംസാരിച്ചു. പിന്നീട് അപ്പോസ്തലനായ പൗലോസ് കൊരിന്ത്യരോട് ആരാധനയിൽ അന്യഭാഷകളുടെ ഉപയോഗത്തെക്കുറിച്ചു സംസാരിച്ചു. ഇന്ന് അനേകസഭകൾ അന്യഭാഷകൾ സംസാരിക്കുന്നു.

അന്യഭാഷയെക്കുറിച്ച് അപ്പോസ്തല പ്രവത്തികളിലും കൊരിന്ത്യ ലേഖനത്തിലുമുള്ള സത്യോപദേശം, ഇന്നത്തെ ആരാധനയിൽ അതിനുള്ളസ്ഥാനം എന്നിവ ബൈബിളിൽ നിന്നു പരിശോധിക്കുന്ന ഒരു ചെറുപുസ്തകമാണിത്.

(Christadelphian) (ക്രിസ്റ്റഡെൽഫിയൻ)

(ക്രിസ്തുവിൽ സഹോദരന്മാർ) .

മലയാളം വിവർത്തനം 2002.
English first Printing December 2000
Printed by
Printland Publishers Hyderabad-1

Local Address



# ദൂതന്മാരുടെ ഭാഷകൾ

## Tongues of Angels

സ്റ്റീവൻ കോക്സ്

## *ദൂതന്മാരുടെ ഭാഷകൾ*

Tongues of Angels

സ്റ്റീവൻ കോക്സ്

**അദ്ധ്യായം 1. അന്യഭാഷ ബൈബിളിൽ.**

1. അന്യഭാഷ മർക്കോസ് എഴുതിയ സുവിശേഷത്തിലും, അപ്പോസ്തല പ്രവൃത്തികളിലും.
2. കൊരിന്ത്യയിലെ അന്യഭാഷകൾ എന്തൊക്കെയായിരിന്നു.
3. പഠിച്ചിട്ടുള്ള മനുഷ്യഭാഷകൾ.
4. പഠിച്ചിട്ടില്ലാത്ത മനുഷ്യഭാഷകൾ.
5. അമാനുഷ ഭാഷകൾ.
6. അവ്യക്തമായ ജല്പനങ്ങൾ. (ഗ്ലോസ്സൊലാലിയ)

**അദ്ധ്യായം 2. അന്യഭാഷകൾ ആധുനികസഭയിൽ**

1. പഠിച്ചിട്ടുള്ള മനുഷ്യഭാഷകൾ.
2. പഠിച്ചിട്ടില്ലാത്ത മനുഷ്യഭാഷകൾ
3. അമാനുഷ ഭാഷകൾ
4. ഗ്ലോസ്സൊലാലിയ

**അദ്ധ്യായം 3. ആധുനികസഭയും ആത്മവരങ്ങളും.**

1. പൗലോസിന്റെ തെളിവ്
2. സഭാചരിത്രകാരന്മാരുടെ തെളിവ്
3. വരങ്ങളില്ലാതെ ആത്മദാനം

**അദ്ധ്യായം 4. പര്യവസാനം.**

1. ക്രിസ്ത്യാനികൾ ഇക്കാലത്ത് അന്യഭാഷ സംസാരിക്കണമോ?
2. അന്യഭാഷകൾ ഒരു പരിശോധന

**ചോദ്യങ്ങൾ**

പതിന്നാലിൽ പരം ഭാഷകളിൽ പ്രാവിണ്യമുള്ള ഒരു വേദപണ്ഡിതനാണ് ക്രിസ്തുവിൽ എന്റെ സഹോദരനായ സ്റ്റീവൻ കോക്സ്. അദ്ദേഹം എഴുതിയ Tongues of Angels എന്ന ഈ ചെറുപുസ്തകം സ്വതന്ത്ര പരിഭാഷചെയ്യുവാൻ അനുവാദം തരികയും നേരിട്ടും ടെലഫോൺമുഖേനയും ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്തതിന് ആദ്യമായി ദൈവനാമത്തിൽ നന്ദിഅറിയിക്കട്ടെ, മലയാളപരിഭാഷ പരിശോധിച്ചു വേണ്ടതിരുത്തലുകൾ ചെയ്തുതന്ന ശ്രി. ജോസഫ് താന്നിക്കലിനോടും, ശ്രമകരമായ മലയാളം ടൈപ്പ് സെറ്റിഗ് ചെയ്തുതന്ന സഹോദരൻ ബേബിച്ചനോടും, പ്രിന്റിംഗിനു സഹായിച്ച സഹോദരൻ തിമോത്തി ഗാൽബ്രത്തിനും സഹപ്രവർത്തകർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു.

വേദപുസ്തകപഠനത്തിൽ എന്റെ സഹോദരന്മാരെ ഈ പുസ്തകം സഹായിക്കുമെന്നും അപ്രകാരം ദൈവനാമം മഹത്വപ്പെടുമെന്നും പ്രത്യാശിക്കുന്നു. (ഇംഗ്ലിഷ് പുസ്തകത്തിലെ ചില ഭാഗങ്ങൾ സഹോ: സ്റ്റീവന്റെ അനുവാദത്തോടെ വിട്ടുകളഞ്ഞിട്ടുണ്ട്)

നന്ദിപൂർവ്വം പരിഭാഷകൻ

**മാത്യൂസ് പള്ളിവാതിൽ.**

Cover illustration: El Greco ‘The Apostles Peter and Paul’

Scripture quotations from the HOLY BIBLE, NEW INTERNATIONAL VERSION ®. Copyright © 1973, 1978, 1984 by International Bible Society. Used by permission of Zondervan Publishing House. All rights reserved. The “NIV” and “New International Version” trademarks are registered in the United States Patent and Trademark Office by International Bible Society. Use of either trademark requires the permission of International Bible Society.

Where Bible quotations indicate 'TEV' they are taken, for reasons of accuracy or clarity, from TODAY'S ENGLISH VERSION / GOOD NEWS BIBLE © 1976 British and Foreign Bible Society, Swindon.

Extracts from *Testament of Job* translated by the author from the Greek edition in TESTAMENT OF JOB ACCORDING TO THE SV TEXT edited by R. Kraft © 1974 Society of Biblical Literature, distributed by University of Montana.

Extracts from *The Contemplative Life* primarily taken from THE WORKS OF PHILO translated by C.D. Yonge 1855, new updated version © 1993 by Hendrickson Publishers Inc., but with some changes for clarity (eg. 'libation' rendered 'wine offering') and checked with the Greek text © 2000 TLG Project, Berkeley.

Extracts from Iranaeus from THE APOSTOLIC FATHERS, and Eusebius from THE NICENE AND POST-NICENE FATHERS both edited by Philip Schaff, © 1977 Ages Software, Albany.

സത്യവേദപുസ്തക ഉപദേശങ്ങളെ സംബന്ധിച്ചു കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Published by :

**The Christadelphians**

**GPO Box 159, Hyderabad**

**A.P. 500001 INDIA**

To whom all enquiries may be made if there is no address stamped on the back, or inside back cover



## *ദൂതന്മാരുടെ ഭാഷകൾ*

അന്യഭാഷകൾ സംസാരിക്കുന്നതിനെക്കുറിച്ചുള്ള വേദപുസ്തക വാക്യങ്ങളിൽ ഏറ്റവും അറിയപ്പെടുന്നത് അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 14ാം അദ്ധ്യായം 1,2,5,39 വാക്യങ്ങളിലാണ്.

സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ, ആത്മികവരങ്ങളും വിശേഷാൽ പ്രവചനവരങ്ങളും വാഞ്ഛിപ്പിൻ. അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു. ആരും തിരിച്ചറിയുന്നില്ലല്ലോ, എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു............ നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം വിശേഷാൽ പ്രവചിക്കണം എന്നും ഞാൻ ഇച്ഛിക്കുന്നു............ അതുകൊണ്ട് സഹോദരന്മാരെ, പ്രവചനവരം വാഞ്ഛിപ്പിൻ അന്യഭാഷകളിൽ സംസാരിക്കുന്നത് വിലക്കുകയുമരുത്. 1കൊരി 14:1,2,5,39.

ഈ വാക്യങ്ങളിൽ നിന്നും പൗലോസ് അന്യഭാഷകളിൽ സംസാരിക്കുന്നതിനെ വളരെ അനുകൂലിച്ചിരുന്നു എന്നു മനസ്സിലാക്കാം. കൂടാതെ ഇന്നത്തെ ‘അന്യഭാഷാ സഭകൾ’ പൗലോസിന്റെ ഈ വാക്കുകളെ തങ്ങൾക്ക് അനുകൂലമായി ഉദ്ധരിക്കുന്നുമുണ്ട്. മറിച്ച് ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ അന്യഭാഷ സംസാരിക്കാത്ത അനേകം ക്രിസ്ത്യാനികൾ, തങ്ങളും തങ്ങൾ ഉൾപ്പെടുന്നസഭകളും എന്തോ കുറവുള്ളവരാണെന്ന തോന്നലിൽ കഴിയുന്നുമുണ്ട്.

അപ്രകാരം വിഷമിക്കുന്നവർക്കുവേണ്ടിയാണ് ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്, അന്യഭാഷകൾ സംസാരിച്ചിരിക്കണം എന്ന് തീരുമാനിച്ചിരിക്കുന്നവർക്കു വേണ്ടിയല്ല മറിച്ച്, പൗലോസ് ഇവിടെ പറയുന്നതിനെക്കുറിച്ച് തീർച്ചയില്ലാതിരിക്കുകയും, തങ്ങളുടെ ക്രിസ്തിയ ജീവിതത്തിനെന്തോ പോരായ്മയുണ്ടെന്നു വിചാരിക്കുകയും ചെയ്യുന്നവർക്കു വേണ്ടിയുള്ളതാണിത്. ഈ പുസ്തകത്തിൽ തന്നിരിക്കുന്ന ബൈബിൾപരവും ചരിത്രപരവുമായ

പശ്ചാത്തലങ്ങൾ പരിശോധിക്കുമ്പോൾ അന്യഭാഷകൾ സംസാരിക്കുന്നത് ആരാധനയുടെ ഭാഗമായി ആവശ്യമോ അഭികാമ്യമോ അല്ലെന്നു നിങ്ങൾക്കു ബോദ്ധ്യമാകും.

## *പൗലോസിന്റെ വാക്കുകളുടെ പശ്ചാത്തലം*

കൊരിന്ത്യർ 14–ാം അദ്ധ്യായത്തിൽ നിന്നാണല്ലോ നമ്മൾതുടങ്ങിയത്, ആ അദ്ധ്യായം കുറെകൂടി സുക്ഷ്മമായൊന്നു പരിശോധിക്കാം. ഒന്നാമതായി നാമുദ്ധരിച്ചവാകൃങ്ങൾ ഈ വിഷയത്തിന്റെ പൂർണ്ണചിത്രം നൽകുന്നില്ല. പൗലോസ് പറയുന്നതുമുഴുവൻ നാം പരിശോധിച്ചില്ല 1,2,5,39, എന്നീവാക്യങ്ങൾ മാത്രമാണ് നാം പരിശോധിച്ചത്, ബൈബിൾ ഉപയോഗിക്കുമ്പോൾ നാം സാധാരണയായി വരുത്തുന്നതെറ്റുകൾ ഭൂരിഭാഗവും സന്ദർഭം മനസ്സിലാക്കാതെ വാക്യങ്ങളെടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്നതാണ്. ആ പുസ്തകം ആദിമുതൽ അവസാനംവരെ വായിക്കുന്നതിനുപകരം സാധാരണയായി നാം ഒറ്റപ്പെട്ടവാക്യങ്ങൾ അവിടെനിന്നും ഇവിടെനിന്നും പെറുക്കിയെടുത്തു വായിക്കാറുണ്ട്.

*ലളിതമായ ഈ ഉദാഹരണം നോക്കുക.*

1. അനേകം ആധുനികസഭകളിൽ നടപ്പിലിരിക്കുന്ന അന്യഭാഷകളെക്കുറിച്ച് അല്പമൊന്ന് ആലോചിക്കുക.
2. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽനിന്ന് 12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങൾ അർത്ഥം മനസ്സിരുത്തിഇന്ന് വായിക്കുക.
3. ഓരോവാക്യം വായിക്കുമ്പോഴും അത് ആധുനിക അന്യഭാഷകളെ അനുകൂലിക്കുന്നോ, പ്രതികൂലിക്കുന്നോ എന്നുകൂടി പരിശോധിക്കുക.
4. നിങ്ങൾക്കുലഭിക്കുന്ന ഉത്തരം രേഖപ്പെടുത്തുക, അന്യഭാഷകൾക്ക് അനുകൂലമോ പ്രതികൂലമോ ആയ വാക്യങ്ങൾ നിങ്ങളുടെ വേദപുസ്തകത്തിൽ അടയാളപ്പെടുത്തുക.

പ്രതികൂലമായി ഒരുവാക്യവും നിങ്ങൾ കാണുന്നില്ലെങ്കിൽ, വസ്തുനിഷ്ഠമായാണോ നിങ്ങൾ വാക്യങ്ങളെ വിലയിരുത്തിയതെന്നു വീണ്ടുംനോക്കുക അന്യഭാഷയെശക്തമായി അനുകൂലിക്കുന്നവർകൂടി



സാധാരണഗതിയിൽ ഇത്തരമൊരു പരിശോധനകൊണ്ട് 1കൊരി.14 ന്റെ 19,34 പോലെയുള്ളവാക്യങ്ങൾ, ഇക്കാലത്തെ അന്യഭാഷയ്ക്ക് അനുകൂലമല്ലെന്നു സമ്മതിക്കുകതന്നെചെയ്യും.

1കൊരിന്ത്യർ.12 മുതൽ 14വരെയുള്ള അദ്ധ്യായങ്ങൾ വായിച്ചതിനുശേഷം ആധുനിക സഭകളിൽ നിലവിലുള്ള അന്യഭാഷയും സത്യവേദപുസ്തകം പ്രതിപാദിക്കുന്ന ഭാഷകളും തമ്മിൽ പൊരുത്തക്കേടുണ്ടെന്നു നിങ്ങൾക്കു മനസ്സിലാകും. ഇന്നത്തെ അന്യഭാഷകളെ പിന്താങ്ങുന്നുവെന്നുതോന്നിക്കുന്ന ചിലവാക്യങ്ങളും നിങ്ങൾകണ്ടിരിക്കും. അതിൽ ഒട്ടും അതിശയിക്കാനില്ല തുടർന്നുവരുന്ന പശ്ചാത്തല വിശദീകരണങ്ങൾ വായിച്ചുകഴിയുമ്പോൾ മേൽപറഞ്ഞ വാക്യങ്ങളുടെ ആശയം വ്യത്യാസമുള്ളതായി നിങ്ങൾക്കു ബോദ്ധ്യമാകും, തുറന്ന മനസ്സോടെ വായിക്കണമെന്നുമാത്രം.

1കൊരിന്ത്യർ 12:14 വരെ അദ്ധ്യായങ്ങളിലെ വാക്യങ്ങളുടെ ചായ്‌വ് അനുകൂലമായോ പ്രതികൂലമായോ വരുന്നതായി നിങ്ങൾക്കുതോന്നാം. അതു പ്രശ്നമാക്കേണ്ടതില്ല, ഇതിൽനിന്നും ഏറ്റവും പ്രധാനമായി നാം ഗ്രഹിക്കേണ്ടത്, പൗലോസിന്റെ വാക്കുകൾ നാം വിലയിരുത്തുമ്പോൾ അനേകർ ശഠിക്കുന്നതുപോലെ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം ഇന്നത്തെ അന്യഭാഷയെ പിന്തുണയ്ക്കുന്നില്ല എന്നുള്ളതാണ്.

ഈ പുസ്തകത്തിൽ തുടർന്നുവരുന്ന ഭാഗങ്ങൾ നാല്
അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു

1. ഭാഷകൾ (നാവുകൾ) വേദപുസ്തകത്തിൽ
2. ഭാഷകൾ ആധുനികസഭകളിൽ
3. ആധുനികസഭകൾക്ക് ആത്മവരങ്ങളുണ്ടോ?
4. ക്രിസ്ത്യാനികൾ അന്യഭാഷകളിൽ സംസാരിയ്ക്കേണ്ടത് ആവശ്യമോ?

*ഈ പുസ്തകം വായിക്കുമ്പോൾ ദയവായി ഒരു തുറന്ന വേദപുസ്തകംകൂടി അടുത്തുവയ്ക്കുക.*

## അദ്ധ്യായം 1.
## അന്യഭാഷ ബൈബിളിൽ

അന്യഭാഷയ്ക്ക് ആധുനിക ക്രിസ്തീയഗോളങ്ങളിൽ ഉള്ള പ്രചാരംവെച്ചുനോക്കുമ്പോൾ സത്യവേദപുസ്തകത്തിൽ ആകെ അഞ്ചുപ്രാവശ്യമേ ഇതിനെക്കുറിച്ചുപറഞ്ഞിട്ടുള്ളു എന്നുള്ളതിൽ അതിശയത്തിനുവകയുണ്ട്. ആദ്യത്തേത് മർക്കോസ് എഴുതിയ സുവിശേഷത്തിലും ബാക്കിമൂന്ന് ഭാഗങ്ങൾ അപ്പോസ്തൊല പ്രവൃത്തികളിലും. അവസാനത്തേത് കൊരിന്ത്യർക്കെഴുതിയ ഒന്നാംലേഖനം 12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിലും.

***മർക്കോസ് എഴുതിയസുവിശേഷം.***

വിശ്വസിക്കുന്നവർ പുതുഭാഷകളിൽ സംസാരിക്കുമെന്ന് യേശു മുൻകൂട്ടി പറഞ്ഞിട്ടുണ്ട് (മർക്കോസ്. 16:17) അപ്പോസ്തൊല പ്രവർത്തികളിൽ നോക്കിയാൽ ഇതുനിവർത്തിയായതുകാണാം.

*പെന്തക്കോസ്തുനാൾ. അപ്പോ. പ്ര. 2/18*

ആത്മവരങ്ങൾ ലഭിക്കുവാനായി പത്രോസും കൂടെയുള്ള അപ്പോസ്തലന്മാരും യെരുശലേമിൽ കൂടിയിരുന്നപ്പോൾ അവർക്കടയാളംലഭിച്ചു, (കൊടിയകാറ്റും അഗ്നിനാവുകളും ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചു (4ാം വാക്യം) ജനങ്ങൾക്ക് അവരവരുടെ സ്വന്തഭാഷകളിൽ കേൾക്കുവാൻകഴിഞ്ഞു. (16 വിവിധ ഭാഷക്കാരെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്).

***കൈസര്യ (അപ്പോ. പ്രവ. 10–46)***

യഹൂദരല്ലാത്ത കൊർന്നല്യോസും കൂടെയുള്ളവരും പത്രോസിന്റെ പ്രസംഗം കേട്ടുവിശ്വസിച്ചപ്പോൾ അന്യഭാഷകളിൽ സംസാരിക്കാനും പ്രവചിക്കുവാനും തുടങ്ങി (46–10 വാക്യം). പത്രോസിനോടുകൂടെ വന്നിരുന്ന യഹുദ ക്രിസ്ത്യാനികൾ ഇതുകണ്ടിട്ട് കൊർന്നല്യോസിനെയും കൂടെയുള്ളവരെയും സ്നാനം കഴിപ്പിക്കേണ്ടതാണെന്നു തമ്മിൽ ഒത്തുപറഞ്ഞു.



***എഫെസ്യ (അപ്പോ. പ്ര. 19/1–8)***

യേശുക്രിസ്തുവിനെക്കുറിച്ച് അല്പമൊക്കെ കേട്ടിട്ടുണ്ടെങ്കിലും പരിശുദ്ധാത്മാവിനെക്കുറിച്ചു ഒന്നും അറിഞ്ഞിട്ടുപോലുമില്ലാത്ത യോഹന്നാന്റെ കുറെശിഷ്യന്മാരെ പൗലോസ് കണ്ടുമുട്ടി. ആദ്യം പൗലോസ് അവരെ സ്നാനപ്പെടുത്തി പിന്നീട് അവരുടെമേൽ കൈവെച്ചു, അപ്പോൾ അവർ അന്യഭാഷകളിൽ സംസാരിക്കുവാനും പ്രവചിക്കുവാനും തുടങ്ങി. ഈ മൂന്നു സന്ദർഭങ്ങൾ എടുത്തുകാട്ടിയതിൽ അപ്പോസ്തല പ്രവർത്തികൾ 2ാം അദ്ധ്യായമാണ് വിശദമായിട്ടുള്ളത്. ആദ്യമായി അന്യഭാഷ ഒരുവരമായി പ്രത്യക്ഷപ്പെട്ടത് ഇവിടെയായതിനാൽ ഇതിലൊട്ടും അതിശയിക്കേണ്ടതില്ല.

### നാവുകൾ = (Tongues) ഭാഷകൾ

നാവുകൾ (Tongues) എന്നവാക്കിന് ഗ്രീക്കുഭാഷയിലും ഇഗ്ലിഷ്ഭാഷയിലും മുന്ന് അർത്ഥങ്ങളാണുള്ളത്, 1. മനുഷ്യന്റെ വായിലുള്ള ഒരവയവം, 2. അഗ്നിനാവുകൾ എന്നപ്രയോഗം പോലെ നാവിന്റെ ആകൃതിയിലുള്ള ഉപകരണങ്ങൾ, 3. ഒരു ഭാഷ ഉദാ:– മാതൃഭാഷ (Mother Tongue)

ആധുനിക ഇഗ്ലീഷ് ഭാഷയിൽ ഭാഷകൾക്ക് നാവ് (Tongue) എന്ന പദം ഇപ്പോൾ പ്രയോഗത്തിലില്ല. ഒരു പ്രത്യേക ഭൂവിഭാഗക്കാർക്കു മനസ്സിലാക്കാമെങ്കിൽ അതിനെ *ഭാഷ* എന്നു വിളിക്കാം, എന്നാൽ ഇന്നത്തെ സഭകളിൽ കേൾക്കുന്നപ്രകാരം ആർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ലെങ്കിൽ അതിനെ *അന്യഭാഷ* എന്നുവിളിക്കുന്ന ഒരു സമ്പ്രദായം ഇന്ന് നിലവിൽ വന്നിട്ടുണ്ട്.

*ഈ സമ്പ്രദായം തെറ്റാണ്.* നാവുകൾ (Tongue) എന്നുപറയുന്നതും ഭാഷകളും ഒന്നാണ്. യെരുശലേമിൽ കൂടിവന്ന സന്ദർശകർകേട്ടത് യഥാർത്ഥ ഭാഷതന്നെയായിരുന്നു, മനസ്സിലാകാത്ത ശബ്ദങ്ങളല്ലായിരുന്നു എന്ന് പ്രവൃത്തികൾ 2ാം അദ്ധ്യായത്തിൽ 3 പ്രാവശ്യം എടുത്തുപറഞ്ഞിട്ടുണ്ട്. ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതുകേട്ടു......... (അപ്പോ: പ്ര. 2/6)

"നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നത് എങ്ങനെ"?..............(അപ്പോ:പ്ര. 2/8)

നാം ഈ നമ്മുടെ ഭാഷയിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ എന്നുപറഞ്ഞു". (അപ്പൊ:പ്ര. 2/11)

"യെരുശലേം നിവാസികളായ ചിലയഹൂദർക്ക് ശിഷ്യന്മാർ വീഞ്ഞുകുടിച്ചു മത്തരായിരിക്കുന്നുവെന്നു തോന്നിയെന്നത് ശരിയാണ്" (13, 14 വാക്യങ്ങൾ) ഇതുമനസ്സിലാകാത്ത ശബ്ദങ്ങൾ കേട്ടതുകൊണ്ടല്ല, വിദ്യാഭ്യാസമില്ലാത്ത ഒരുകൂട്ടം മീൻപിടുത്തക്കാർ ഡസനോളം വിദേശഭാഷകൾ നന്നായി സംസാരിക്കുന്നതു കേട്ടപ്പോഴുണ്ടായ അതിശയമാണവർക്ക് തോന്നിയത്. തീർച്ചയായും പാർത്ഥ്യരുടെയോ മേദ്യരുടെയോ ഭാഷകളിലല്ല, റോമാ സാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷകളായിരുന്ന എബ്രായ, ഗ്രീക്ക്, ലത്തിൻ ഭാഷകളിലൊന്നിൽ അവർ പരസ്യ പ്രസംഗം ചെയ്യുകയായിരുന്നു സ്വഭാവികമായി ചെയ്യേണ്ടിയിരുന്നത്. (യോഹ.19/20) പാർത്ഥ്യ, മേദ്യഭാഷകൾ യെരുശലേം നിവാസികൾക്ക് മദ്യപാന്മാരുടെ ജൽപ്പനംപോലെ തോന്നിയാൽ അതിൽ അതിശയോക്തിയില്ല. (അപ്പോ.പ്ര. 2/15) എന്നാൽ ആ ഭാഷ സംസാരിക്കുന്നവർക്ക് അപ്രകാരം അല്ലതാനും (അപ്പോ.പ്ര. 2/11)

പെന്തക്കോസ്തുനാളിലെ അന്യഭാഷകൾ യഥാർത്ഥത്തിൽ മറ്റു ദേശക്കാരുടെ ഭാഷകളായിരുന്നുവെന്നതു വ്യക്തമായതിനാൽ (അപ്പോ.പ്ര.2/6,8,11) ഇക്കാലത്ത് അന്യ ഭാഷക്കാർ കൈസര്യ (അപ്പോ.പ്ര. 2/10) എഫെസ്യ (അപ്പോ.പ്ര. 2/19) സഭകളിലെ ഉദാഹരണം ചൂണ്ടിക്കാണിക്കാറുണ്ട്.

ജാതികളിൽനിന്ന് (യഹുദേതരൻ) ആദ്യമായി മതപരിവർത്തനം ചെയ്ത വ്യക്തിയായിരുന്നു കൊർന്നല്യോസ്. യഹൂദന്മാർ സാധാരണ ജാതികളെ തങ്ങളുടെ മതത്തിൽ ചേർത്തിരുന്നില്ല. അതുവരെയും യഹൂദ ക്രിസ്ത്യാനികളും ജാതികളിലാരെയും സ്നാനപ്പെടുത്തിയിരുന്നില്ല. പത്രോസ്പോലും ജാതികളിൽ നിന്നുള്ളവരെ വിശ്വാസത്തിലേക്കു ചേർക്കുവാൻ വൈമനസ്യം കാണിച്ചിരുന്നു. *അവസാനം ജാതികൾ തനിക്കു സ്വീകാര്യരാണെന്നു ദൈവം ഒരുദർശനത്തിൽ മൂന്നു പ്രാവശ്യം പത്രോസിനു കാണിച്ചുകൊടുത്തു.* (അപ്പോ.പ്ര.2/19)



കൊർന്നെല്യോസിനെ പോലൊരു അയഹുദവിശ്വാസിയെ സ്നാനപ്പെടുത്തി ചേർക്കുന്നതിനോട് എതിർപ്പുകാണിക്കാമായിരുന്ന ആറു യെഹൂദ വിശ്വാസികളുമൊന്നിച്ചാണ് പത്രോസ് പോയത്. അവർ പത്രോസ് കണ്ടദർശനം കണ്ടിരുന്നുമില്ല, യഥാർത്തത്തിൽ കൊർന്നൊല്യോസും കൂടെയുള്ളവരും അന്യഭാഷകളിൽ സംസാരിക്കുന്നതു കേട്ടപ്പേൾ ഈ ആറുപേരും അതിശയിച്ചു. പെന്തക്കോസ്തിന് ഏതാനും ദിവസങ്ങൾക്കുശേഷം സംഭവിച്ചതായതുകൊണ്ട് അന്യഭാഷകളിൽ വിശ്വാസംവരാഞ്ഞിട്ടല്ല, മറിച്ച് ഈ ജാതികൾ ദൈവത്തിനു സ്വീകാര്യമാണ് എന്ന് അവർ വിശ്വസിച്ചിട്ടില്ലാതിരുന്നതിനാലാണ് അതിശയിച്ചത്. ഈ ആറു സഹോദരന്മാർക്കും മനസ്സിലാകാത്ത ഒരു ഭാഷയാണവർ സംസാരിച്ചിരുന്നതെങ്കിൽ അവരെ സ്നാനപ്പെടുത്തുവാൻ അവർ പത്രോസിനെ അനുവദിക്കുമായിരുന്നോ?. പകരം ജാതികളോടുള്ള അവരുടെ വിവേചനം എടുത്തുകാണിക്കുവാൻ അവർ ഉത്സാഹിക്കുമായിരുന്നു കൊർന്നല്യോസിനും കൂട്ടർക്കും എന്തോഭ്രമം പിടിച്ചിരിക്കയാണെന്നു പറഞ്ഞ് പത്രോസിനെ കൂട്ടിക്കൊണ്ടുപോകുവാൻ ശ്രമിക്കുമായിരുന്നു. (കൊരി.14/23 മായി താരതമ്യം ചെയ്യുക)

പെന്തക്കോസ്തുനാളിൽ യെരുശലേമിൽവന്ന സന്ദർശകർക്ക് ബോദ്ധ്യമായതുപോലെ തങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ അവർ ദൈവത്തെ സ്തുതിക്കുന്നതുകേട്ട് ഇവർക്കും പൂർണ്ണബോദ്ധ്യംവന്നു. എക്കാലത്തും ഇതല്ലാതെ വേറൊരു വിശദീകരണം ഇക്കാര്യത്തിൽ ഇല്ലതാനും. ഇറ്റലിക്കാരനായ കൊർന്നല്യോസ് (അപ്പോ.പ്ര.10/1) തന്റെ സ്വന്തഭാഷയായ ലത്തീനിൽ സംസാരിക്കുന്നതോ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷയായ ഗ്രീക്കിൽ സംസാരിക്കുന്നതോ ഒരു അത്ഭുതമായിരിക്കയില്ല, മറിച്ച് ഒരു റോമാക്കാരന് അപരിചിതമായ എബ്രായഭാഷയിൽ യെഹുദനല്ലാത്ത ഒരാൾ ദൈവത്തെ മഹത്വപ്പെടുത്തുന്നത് അത്ഭുതം തന്നെയായിരിക്കും. (പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ റോമാക്കാർ സാധാരണ യെഹുദന്മാരോടു സംസാരിച്ചിരുന്നതു ഗ്രീക്കിലായിരുന്നു എന്നുള്ളതിന് ചരിത്രരേഖകളുണ്ട്).

ഏതായാലും കൊർന്നല്യോസ് മനസ്സിലാക്കാത്ത ഏതോ ഭാഷയിൽ ജല്പനം ചെയ്തു എന്നു വിചാരിക്കുന്നത്, പത്രോസിന്റെ

വാക്കുകൾക്കുതന്നെ ചേരുന്നതല്ല.

കൊർന്നല്യോസിന്റെയും കൂട്ടുകാരുടെയും സ്നാനത്തിനു ശേഷം പത്രോസ് അവരോടുകൂടെ താമസിക്കണമെന്ന് അവർ അപേക്ഷിച്ചു (അപ്പോ.പ്ര. 10/48) പത്രോസിന്റെ കൂടെയുണ്ടായിരുന്ന ആറു പേർ താമസിച്ചോ, ഇല്ലയോയെന്ന് അവിടെ എഴുതിയിട്ടില്ല. എന്നാൽ പത്രോസ് ചെയ്തതിനെക്കുറിച്ചുള്ള വാർത്ത സഭയിൽ വേഗത്തിൽ പരന്നു. (അപ്പോ.പ്ര. 11/1). ഈ സമയംകൊണ്ട് പത്രോസ് യെരുശലേമിൽ മടങ്ങിവന്നു, അനേകം വിമർശകർ കാത്തുനിൽക്കുന്നുണ്ടായിരുന്നു. (അപ്പോ.പ്ര. 11/2) 2000 വർഷത്തെ യഹൂദപാരമ്പര്യത്തെ മറികടന്നാണ് പത്രോസ് ജാതികളിൽ നിന്നുള്ളവരെ സഭയിൽ പ്രവേശിപ്പിച്ചതെന്നുള്ള വസ്തുതവെച്ചുനോക്കുമ്പോൾ ഇത് സ്വാഭാവികമാണെന്നു നമുക്കു മനസ്സിലാകും, കൂടാതെ മറ്റുശിഷ്യന്മാരുമായി അദ്ദേഹം ആലോചിക്കയും ചെയ്തിട്ടില്ല. തനിക്കുണ്ടായ ദർശനവും ജാതികളിൽ നിന്നുള്ളവർ അന്യഭാഷകളിൽ സംസാരിച്ചതും ഉദ്ധരിച്ച് പത്രോസ് പറഞ്ഞത്, 'ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കും പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലുംവന്നു' (അപ്പോ.പ്ര. 11/15) എന്നാണ്.

*'ആദിയിൽ നമ്മുടെമേൽ എന്നപോലെ'* എന്നതാണ് ഇവിടെ പ്രധാനപ്പെട്ടതായി കാണേണ്ടത്. നമ്മുടെ എന്നു പറഞ്ഞാൽ പത്രോസിന്റെയും ശേഷം അപ്പോസ്തലന്മാരുടെയും എന്നും, ആദിയിൽ എന്നു പറയുന്നത് ആദ്യമായി ശിഷ്യന്മാർക്ക് അന്യഭാഷാവരംലഭിച്ച പെന്തക്കോസ്തുനാളിനെക്കുറിച്ചും ആകുന്നു.

ജാതികളെ സാനാനപ്പെടുത്തിയതിനുള്ള പത്രോസിന്റെ ന്യായീകരണം, അവർ (കൊർന്നല്യോസും കൂട്ടരും) ആദിയിൽ ശിഷ്യന്മാർ സംസാരിച്ച അതേതരത്തിൽ മനസ്സിലാകുന്ന അന്യ ഭാഷകൾ സംസാരിച്ചു എന്നതായിരുന്നു, അവർ ഇതുകേട്ടപ്പോൾ മിണ്ടാതിരുന്നു. (അപ്പോ:പ്ര. 11/18)

അപ്പോസ്തല പ്രവൃത്തികളിലെ മൂന്നാമത്തെ സംഭവം, എഫെസ്യയിലെ സ്നാപകന്റെ ശിഷ്യന്മാരെ സംബന്ധിച്ചുള്ളതും കൊർന്നല്യോസിന്റേതിനോടു തുല്യമായിട്ടുള്ളതും ആയിരുന്നു. 10ാം അദ്ധ്യായത്തിൽ കൊർന്നല്യോസും തന്റെ അയഹുദരായ കൂട്ടുകാരും സ്നാനമേറ്റു, എന്നും 19ാം അദ്ധ്യായം 5 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ യോഹന്നാന്റെ ശിഷ്യന്മാർ വീണ്ടും സ്നാനമേറ്റതായിട്ടും നാം വായിക്കുന്നു. കൊർന്നല്യോസിന്റെ കാര്യത്തിലെന്നെപോലെ മറ്റുവിശ്വാസികൾ ഈ പുതിയ അംഗങ്ങളെ സ്വീകരിച്ചു അന്യഭാഷകൾ എന്ന പ്രത്യേക അടയാളം പൗലോസ് ചെയ്ത പ്രവൃത്തിയെ എതിർക്കുവാൻ വയ്യാതെയാക്കി, കൊർന്നല്യോസിന്റെ കാര്യത്തിലെന്നതുപോലെ ആദിയിൽ തങ്ങൾക്കു ലഭിച്ചതുപോലെയുള്ള അന്യഭാഷാവരമാണ് ഇവർക്കുണ്ടായതെന്ന് അവിടെ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ആദിമസഭയുടെ ആരംഭ ചരിത്രത്തിൽ രണ്ടുസന്ദർഭങ്ങളിൽ അന്യഭാഷ എന്നാലെന്താണെന്നു വെളിപ്പെടുത്തിയതിനാൽ മൂന്നാമത്തെ ഈ സംഭവവും യഥാർത്ഥ ഭാഷയെക്കുറിച്ചുതന്നെയാണ് സഭാചരിത്രകാരൻ (ലൂക്കോസ്) പ്രതിപാദിക്കുന്നതെന്ന് വിചാരിക്കുന്നതിൽ തെറ്റില്ല.

## കൊരിന്തിലെ അന്യഭാഷകൾ എന്തൊക്കെയായിരുന്നു?

ബൈബിളിലെ അന്യഭാഷയെ സംബന്ധിച്ചുള്ള ഒരേയൊരു ഭാഗം, ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തു പ്രതിപാദിച്ച കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് പറയുന്ന ഭാഗമാണ്. വാക്യങ്ങൾ അന്യഭാഷയ്ക്ക് അനുകൂലമോ പ്രതികൂലമോ എന്ന് കണ്ടുപിടുക്കാൻ നാം നടത്തിയ ആദ്യപരീക്ഷണത്തിനുള്ള ഒരു പ്രശ്നം, ചിലവാക്യങ്ങൾ അനുകൂലമായും ചിലത് പ്രതികൂലമായും കാണപ്പെടുന്നു എന്നതാണ്.

പ്രാദേശികമായ പ്രത്യേകതകളുള്ള ഒരു സഭയുമായി നടത്തിയ കത്തിടപാടുകളിലെ ഒരു മറുപടിക്കത്താണ് കൊരി. 1ാം ലേഖനം എന്നാൽ കൊരിന്തിലെ സഭാംഗങ്ങൾ എഴുതിയകത്ത് നമുക്കു ലഭിച്ചിട്ടില്ല. പൗലോസ് എഴുതിയ മറുപടിയിലുള്ള ഉപദേശങ്ങളുടെയും നിർദ്ദേശങ്ങളുടെയും സാർവ്വ ലൗകികതയും അപ്പോസ്തലൻ അറിഞ്ഞിരുന്നതുപോലെ കൊരിന്ത്യ സഭയിലെ കാര്യങ്ങളുടെ വിശദാംശങ്ങളും നമുക്കറിഞ്ഞുകൂടാ. അതുകൊണ്ടുതന്നെ പെട്ടെന്നുള്ള തീരുമാനങ്ങളിലെത്തിച്ചേരുന്നത് സൂക്ഷിച്ചായിരിക്കണം. പ്രത്യേകാൽ അന്യഭാഷകളെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികളിൽ വ്യക്തമായി കാണുന്ന വസ്തുതകൾ ഇരിക്കെ കൊരിന്തിനെക്കുറിച്ച് ഊഹാപോഹങ്ങൾ വെച്ചു

പുലർത്താനും പാടില്ല.

***കൊരിന്തിൽ എന്താണു സംഭവിച്ചത്?***

<u>നാലുകാര്യങ്ങളാണുള്ളത്</u>

1. മനുഷ്യൻ പഠിച്ചിട്ടുള്ള ഭാഷകൾ
2. പഠിച്ചിട്ടില്ലാത്ത മനുഷ്യ ഭാഷകൾ
3. അമാനുഷ്യ ഭാഷകൾ
4. അവ്യക്തമായ ജല്പനങ്ങൾ (GLOSSOLALIA)

1. *മനുഷ്യൻ പഠിച്ചിട്ടുള്ള ഭാഷകൾ*

ഇന്നത്തെ ന്യൂയോർക്കുപോലെയോ, ഹോങ്ങ്കോംഗ് പോലെയോ ഉള്ള ഒരുവാണിജ്യ കേന്ദ്രമായിരുന്നു കൊരിന്ത്, സ്വാഭാവികമായും വിവിധ ഭാഷകൾ സംസാരിക്കുന്നവർ അന്നു കൊരിന്തിലുണ്ടായിരുന്നു. കൊരിന്ത്യ സഭയിലും ഇതിന്റെ പ്രതിഫലനം ഉണ്ടായിരുന്നുവെന്നുകരുതണം, ഭാഷകൾ പരിഭാഷ ചെയ്യുന്നത് ഭാരമേറിയ ഒരു ജോലിയായിരുന്നു. വിവിധ ഭാഷക്കാർ അംഗങ്ങളായുള്ള കൂട്ടങ്ങളിൽ അംഗമായിരുന്നിട്ടുള്ളവർക്ക് ഇതുപെട്ടെന്നു മനസ്സിലാകും.

ഇങ്ങനെയൊക്കെ ആണെങ്കിലും, അറിയാവുന്ന മനുഷ്യഭാഷകൾ മാത്രമായിരുന്നില്ല പൗലോസിന്റെ ആശങ്കയ്ക്കടിസ്ഥാനം, എഫേസ്യയിലും റോമിലുമുള്ള മറ്റു സഭകളിലും കൊരിന്തിലെപ്പോലെ അന്യഭാഷയോ ക്രമക്കോടുകളോ ഉണ്ടായിരുന്നതായി പൗലസ് പറയുന്നില്ല. (1കൊരി 14/33)

**2. പഠിച്ചിട്ടില്ലാത്ത മനുഷ്യ ഭാഷകൾ**

"അപ്പോസ്തല പ്രവൃത്തി 2ാം അദ്ധ്യായത്തിലെ ഭാഷകളിൽ ചിലതെങ്കിലും സംസാരിക്കാൻ അറിയാമായിരുന്ന കൂറെപ്പേരെങ്കിലും കൊരിന്തിൽ ഉണ്ടായിരുന്നു എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. അന്യഭാഷകൾ എന്തിനാണ് ഉപയോഗിക്കേണ്ടതെന്നു പൗലോസ് കൊരിന്ത്യരെ ഓർമ്മിപ്പിക്കുന്നതു നോക്കുക........."

"അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നതോ വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കത്രേ........."(1കൊരി 14/22).

പരക്കെ അറിയാവുന്ന ഒരുകാര്യം പൗലോസ് എടുത്തു പറഞ്ഞതെന്തുകൊണ്ടാണ്? എന്നാൽ അപ്രകാരം ചെയ്തതുകൊണ്ട് കൊരിന്ത്യയിലെ ഭാഷകൾ പ്രസംഗത്തിന് ഉപയോഗിച്ചവയല്ല എന്നു മനസ്സിലാകുന്നു. അവിശ്വാസികൾക്ക് ഒരടയാളമാകുന്നതിനുപകരം യഥാർത്ഥ ആത്മ വരങ്ങളുടെ ഒരു വികലഭാഗമായിപ്പോയില്ലേയെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകുകയായിരുന്നു, അവരെക്കാളെല്ലാം ഉപരി താൻ അന്യഭാഷകൾ സംസാരിക്കുന്ന ആളാണെന്നു പറഞ്ഞ് പൗലോസ് ഈ ആശയം ഉറപ്പിക്കുകയാണു ചെയ്തത് (1കൊരി. 14/18). എന്നാലും പൗലോസ് *ലുസ്ത്രയിലായിരുന്നപ്പോൾ* ജനക്കൂട്ടം '*ലുക്കവോന്യ*' ഭാഷയിൽ സംസാരിച്ചത്, അദ്ദേഹത്തിനു മനസ്സിലായില്ലെന്നു നമുക്കറിയാമല്ലോ. (അപ്പോ.പ്ര 14/11) പെന്തക്കോസ്തുനാളിൽ കേട്ടതോ പൗലോസ് സംസാരിക്കുന്നതോ ആയ ഭാഷയുടെയത്രയും മനസ്സിലാക്കാവുന്ന ഒരു ഭാഷയായിരുന്നില്ല കൊരിന്തിലേത് എന്നേ ഇതിനർത്ഥമുള്ളൂ.

**3. അമാനുഷ്യ ഭാഷകൾ**

'ദൂതന്മാരുടെ ഭാഷകൾ' എന്നു പൗലോസ് പറയുമ്പോൾ (1കൊരി. 13/1) നിശ്ചയമായും കൊരിന്തിൽ സംഭവിച്ചതിനെക്കുറിച്ചാണു പൗലോസ് പറയുന്നതെന്ന് വ്യക്തമാണ്. എങ്കിലും ദൂതന്മാരുടെ ഭാഷകൾ യഥാർത്ഥത്തിൽ എന്താണ്? ദൂതന്മാർക്കുതങ്ങളുടെ സ്വന്തമായ ഭാഷഉണ്ടെന്നു വേദപുസ്തകത്തിൽ വേറെ എവിടെയെങ്കിലും പറയുന്നുണ്ടോ? ഇല്ലെന്നതാണ് ശരി, പഴയനിയമത്തിലായാലും പുതിയ നിയമത്തിലായാലും ദൂതന്മാർ സാധാരണ മനുഷ്യരുടെ ഭാഷയിലാണു സംസാരിച്ചതെന്നുകാണാം, കൊരിന്തിലെ സഭാംഗങ്ങൾക്ക് ഇതുകൊണ്ടെന്താണു മനസ്സിലായത്? അവർക്കജ്ഞാതമായ ഓരുകാര്യം തീർച്ചയായും പൗലോസ് എഴുതിക്കാണുകയില്ലല്ലോ.

ദൂതഭാഷ എന്ന ആശയം കൊരിന്ത്യർക്കു നന്നായറിയാവുന്ന ഒന്നായിരുന്നു. പക്ഷേ ആ ആശയം തിരുവെഴുത്തുകളിൽ നിന്നുള്ളവ അല്ലായിരുന്നുവെന്ന് യവനന്മാരുടെ *ഗ്രീക്കിൽ* ജീവിച്ചിരുന്ന യഹൂദ

ന്മാർക്കറിയാമായിരുന്നു.

കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനമെഴുതിയ അതേ കാലയളവിൽ (B.C 100–A.D 100) എഴുതപ്പെട്ടതും, ഇയ്യോബിന്റെ സുവിശേഷം എന്നപോരോടുകൂടിയതുമായ ഒരു യഹൂദ ഗ്രന്ഥത്തിലെ ഒരു ഭാഗം താഴെക്കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക. (ബൈബിളിലെ ഇയ്യോബിന്റെ പുസ്തകത്തിന് അനേകവർഷങ്ങൾക്കു ശേഷമാണ് ഇതെഴുതപ്പെട്ടത്.)

പൗലോസോ ഏതെങ്കിലു അപ്പോസ്തലന്മാരോ ഇത് തിരുവചനത്തിന്റെ ഭാഗമായി അംഗീകരിച്ചിരുന്നില്ല. സത്യത്തിൽ തിത്തോസിനോട് ഉപേക്ഷിച്ചുകളയുവാൻ പൗലോസ് ആവശ്യപ്പെടുന്ന യഹൂദകെട്ടുകഥകളിൽപ്പെടുന്ന ഒന്നാണിത്. (തീത്തോസ് 1/14) അപ്പോസ്തലന്റെ കാലത്ത് നടപ്പിലുണ്ടായിരുന്ന സാധാരണ ആശയങ്ങളെക്കുറിച്ച് അറിവുതരുന്ന ഒരു രേഖയെന്നതിലുപരി നാം ഇതിനുയാതൊരു പ്രത്യേകതയും കൊടുക്കരുത്.

ഇയ്യോബിന്റെ മൂന്നു പെൺമക്കൾക്ക് കീർത്തനങ്ങൾ രചിക്കുവാനുള്ള പ്രചോദനമുണ്ടായത് എങ്ങനെയെന്ന് ഈ കഥാഭാഗം വിവരിക്കുന്നു, "അപ്പോൾ മുന്നുപെൺമക്കളിൽ ഒരുവളായ *യെമീമാ* എഴുന്നേറ്റു അവളുടെ അപ്പന്റെ കല്പനപ്രകാരം കിന്നരം കൈയ്യിലെടുത്തപ്പോൾ *അവൾക്ക് വേറൊരു ഹൃദയം കൊടുക്കപ്പെട്ടു,* ലൗകീകമായ ചിന്തകളെല്ലാം ഉപേക്ഷിച്ച് *ദൂതന്മാരുടെ സംഗീതത്തിൽ അവൾ ദൈവത്തെ സ്തുതിച്ചുപാടി,* പാട്ടുപാടവേ ആത്മാവ് അവളുടെ അങ്കിയിൽ എഴുതുവാൻ അവൾ അനുവദിച്ചു". അപ്പോൾ രണ്ടാമത്തെ മകളായ *കെസിയ* അവളുടെ കിന്നരം എടുത്തു ഈ ലോകവ്യാപാരങ്ങളെല്ലാം വിസ്മരിക്കത്തക്കവണ്ണം അവളുടെ ഹൃദയം മാറി, *ദൂതസൈന്യങ്ങളുടെ ഭാഷഅവളുടെ അധരങ്ങളിൽ നിറഞ്ഞു, ഉന്നതങ്ങളെ സൃഷ്ടിച്ചതിനായി അവൾ ദൈവത്തെ സ്തുതിച്ചു.* അതുകൊണ്ട് ആർക്കെങ്കിലും ആകാശവിതാനങ്ങളുടെ സൃഷ്ടിയെക്കുറിച്ച് അറിയണമെങ്കിൽ അവർ കെസിയായുടെ ഗീതങ്ങൾ വായിക്കട്ടെ.

അനന്തരം *കേരെൻ ഹപ്പുക്ക* എന്നുപേരായ മുന്നാമത്തെ മകൾ തന്റെ കിന്നരമെടുത്തു, *അവളുടെ അധരങ്ങൾ ഉന്നതങ്ങളിൽ വസിക്കുന്നവരുടെ ഭാഷയിൽ പാടി,* അവൾ ലൗകീകമായതെല്ലാം അവളുടെ ഹൃദയത്തിൽനിന്നും നീക്കിക്കളഞ്ഞു *എല്ലാനന്മകളുടെയും ഉടയവനായ ദൈവത്തെ കെരൂബുകളുടെ ഭാഷയിൽ പുകഴ്ത്തി,* അവരുടെ മഹത്വം കീർത്തിച്ചും പിതാവിന്റെ മഹിമയെ പിന്തുടരുന്നവർ കേരെൻ ഹപ്പുക്കിന്റെ പ്രാർത്ഥനകളിൽ അതുവായിക്കട്ടെ.
(Testament of Job 49/1-50/3)

മേൽപറഞ്ഞതിൽ നിന്നും ദൂതന്മാരുടെ ഭാഷ കൊരിന്തിൽ മാത്രമല്ല, യവന ഭാഷ അറിഞ്ഞിരുന്ന യഹൂദന്മാർ വസിച്ചിരുന്നിടത്തെല്ലാം അറിയപ്പെട്ടിരുന്ന ഒന്നായിരുന്നു എന്നുമനസ്സിലാക്കാം. എന്നാൽ അപ്പോസ്തലന്റെ കാലത്ത് എല്ലാ യഹൂദന്മാരുടെയും ഇടയിൽ ഈ സമ്പ്രദായം നിലവിലിരുന്നു എന്നുകരുതുവാൻ ന്യായമില്ലാ കാരണം, പാരമ്പര്യ യഹൂദ സുന്നഹദോസുകളിൽ നിലവിലില്ലാതിരുന്ന നാലു പ്രത്യേക കാര്യങ്ങൾ ഇവിടെ കാണുന്നു.

A. സ്ത്രീകളുടെ സജീവമായസ്ഥാനം (മൂന്നുപുത്രിമാർ)
B. സംഗീതം, പാട്ട് എന്നിവയ്ക്ക് ഊന്നൽ കൊടുത്തിരിക്കുന്നത് (മൂന്നുപ്രാവശ്യം)
C. ആത്മാവിനാൽ നയിക്കപ്പെടുക (മൂന്നുപ്രാവശ്യം)
D. അന്യഭാഷകളിൽ സംസാരിക്കുക. (അഞ്ചുപ്രാവശ്യം)

പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ഇയ്യോബിന്റെ സുവിശേഷം എഴുതിയത് *തെറാപ്യുട്ടേ* എന്നപേരിൽ അറിയപ്പെട്ടിരുന്ന ഒരു സ്വതന്ത്രയഹൂദ സംഘത്തിലെ അംഗമാണ്. ബി.സി. 20നും എ.ഡി 50നും ഇടയിൽ ജീവിച്ചിരുന്ന ഫിലോ എന്ന പ്രസിദ്ധനായ യഹൂദ എഴുത്തുകാരൻ എഴുതിയ തെറാപ്യുട്ടേ എന്ന ഗ്രന്ഥത്തിലെ ഭാഗങ്ങളും ഇയ്യോബിന്റെ സുവിശേഷത്തിലെ ഭാഗങ്ങളും, തമ്മിലുള്ള അടുത്ത സാമ്യം ഇതിനുള്ള പ്രത്യക്ഷമായ തെളിവാണ്.

റോമാസാമ്രാജ്യത്തിലെ യഹൂദന്മാരുടെ ഇടയിൽ തെറാപ്യുട്ടേ, സംഘത്തെ വിശേഷിച്ച് യഹൂദന്മാരുടെ ഭൂരിപക്ഷമുള്ള ഈജിപ്റ്റിലെ അലക്സാണ്ട്രിയായിൽ ധാരാളം കണ്ടിരുന്നുവെന്ന് ഫിലോ രേഖപ്പെടുത്തുന്നുണ്ട്. *അവരുടെ സംഗീതപാടവത്തെ അദ്ദേഹം പുകഴ്ത്തിയിരി*

*ക്കുന്നത് ഇപ്രകാരമാണ്.*

മനുഷ്യന് ഭാവനചെയ്യാവുന്ന എല്ലാ ഈണത്തിലും വൃത്തങ്ങളിലും അവർ സങ്കീർത്തനങ്ങളും ഗീതങ്ങളും എഴുതുന്നു. ആരെങ്കിലും ഒരാൾ എഴുന്നേറ്റ് ദൈവത്തെ മഹത്വീകരിച്ചുകൊണ്ട് താൻതന്നെ എഴുതിയതോ മറ്റേതെങ്കിലും പഴയകവികളെഴുതിയതോ ആയ ഒരു പാട്ടുപാടും, പാനീയ യാഗത്തിങ്കലും യാഗപീഠത്തിനുമുമ്പിലും പാടുന്നതിനുള്ള സങ്കീർത്തനങ്ങളും സ്തുതികളും അവർ ധാരാളമെഴുതിയിട്ടുണ്ടല്ലോ. (Contemperary life.29/80)

*സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ച് ഫിലോ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്,* “വിശുദ്ധപെരുന്നാളിന്റെ മദ്ധ്യത്തിൽ അവർ എല്ലാവരും എഴുന്നേറ്റ് രണ്ടുസംഘമായി പിരിയും, ഒന്ന് പുരുഷന്മാരുടേതും മറ്റേത്, സ്ത്രീകളുടേതും, അവരിൽ ഏറ്റവും ബഹുമാന്യനായ ഒരാൾ സംഘത്തിന്റെ നായകനായിരിക്കും. പുരുഷന്മാരും സ്ത്രീകളും ഒരു ദിവ്യപ്രചോദനത്താൽ ഒരുസംഘമായി പുരുഷന്മാരെ മോശയും, സ്ത്രീകളെ മിറിയാമും നയിച്ചുകൊണ്ട് രക്ഷകനായ ദൈവത്തിനു സ്തുതിസ്തോത്രമർപ്പിക്കും. “ദൂതന്മാരുടെ ഭാഷയെക്കുറിച്ചു ഫിലോ പ്രതിപാദിക്കുന്നില്ലെങ്കിലും തെറാപ്യുട്ടെ സംഘത്തിന്റെ പാട്ടുകൾ അപ്രാകാരം പ്രചോദിതമായതാണെന്ന് അനുമാനിക്കാം. (Cont. Life. 84, 87)

*പുരുഷന്മാരും സ്ത്രീകളും ദീവ്യ പ്രചോദനത്തിനുകീഴിൽ ഒന്നായി. (Cont. Life. 87)*

ഈ തെറാപ്യുട്ടെ സംഘം നാം സുവിശേഷങ്ങളിൽ വായിക്കുന്ന പരീശന്മാർക്കും സദ്യൂക്യർക്കുംനേരേ വിപരീതമായിരുന്നു. പരീശന്മാർ ന്യായപ്രമാണത്തിൽ പൊതുവെ നിഷ്ക്കർഷത പാലിച്ചിരുന്നു. എന്നാൽ തെറാപ്യുട്ടെ ഗ്രൂപ്പുകാർ മോശൈക ന്യായപ്രമാണത്തിൽ അത്ര നിഷ്ക്കർഷയില്ലാത്ത സ്വതന്ത്രവാദികളായിരുന്നു. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തോടുള്ള ബന്ധത്തിൽ മേൽപ്പറഞ്ഞ ഗ്രൂപ്പുകാർ ആരാധനാ സമ്പ്രദായത്തിൽ കൊരിന്ത്യരോടു വളരെ അടുത്തസാമ്യം പുലർത്തുന്നവരായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

എഴുത്തുകാരനായിരുന്ന ഫിലോയുടെ ചരിത്രരേഖയും ഇയ്യോ



ബിന്റെ സുവിശേഷവും തമ്മിൽ ന്യായമായ ചേർച്ചയുണ്ടെന്നുകാണാം.

1. സ്ത്രീകൾക്ക് ഔദ്യോഗീക തലത്തിൽ തുല്യസ്ഥാനം. Cont. Life. 32,80,83)
2. സംഗീതത്തിനും പാട്ടിനുമുള്ള പ്രാധാന്യം. Cont. Life. 29,80,84
3. ആത്മാവിനാൽ നയിക്കപ്പെടുക. Cont. Life. 27
4. പ്രചോദിതമായ പ്രസംഗം. Cont. Life. 84,87

***കൊരിന്തിലെ സംഭവങ്ങളും ഇതിനോടുയോജിക്കുന്നു.***

1. സ്ത്രീകളുടെ നേതൃസ്ഥാനം. (1കൊരി. 11/5,14/34.)
2. സംഗീതത്തിന്റെയും പാട്ടുകാരുടെയും പ്രാധാന്യം. (1കൊരി. 14/7,14/15.)
3. ആത്മാവിനാൽ നയിക്കപ്പെടുക. (1കൊരി. 13/32)
4. അന്യഭാഷകളിൽ സംസാരിക്കുക. (1കൊരി. 12/1, 14/40.)

*മേൽക്കാണിച്ച തെളിവുകളിൽ പൗലോസ് പറയുന്നതായ ദൂതന്മാരുടെ ഭാഷകൾ മറ്റൊരിടത്തുമില്ലാത്തതല്ലെന്നു ബോദ്ധ്യമാകും.* കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തോടു ബന്ധമില്ലാത്ത രണ്ടു യഹൂദ ചരിത്രരേഖകൾ ഇതേ വിധത്തിലുള്ള യഹൂദ ആരാധനകളെക്കുറിച്ചു പറയുന്നുണ്ട്.

ദൂതന്മാരുടെ ഭാഷകൾ യഥാർത്ഥമാണോ അല്ലയോ എന്നു നാമിതുവരെ പരിശോധിച്ചില്ലല്ലോ. കൊരിന്തിലെ വിശ്വാസികൾ *ഗബ്രിയേൽ, മിഖായേൽ* മുതലായ ദൂതന്മാർക്കുമാത്രം മനസ്സിലാകുന്ന ഒരു ഭാഷ ഉപയോഗിച്ചിരുന്നോ?

വേദപുസ്തകത്തിൽ നിന്നുള്ള തെളിവുകളുടെ പോരായ്മ കണക്കാക്കാതെ ചിലർ ഒരുവാക്യത്തെ അടിസ്ഥാനപ്പെടുത്തി ഇതുവിശ്വസിച്ചുപോരുന്നു, എന്നാൽ കൊരിന്തിലെ വിശ്വാസികൾ ദൂതന്മാരോടായിരുന്നു സംസാരിച്ചിരുന്നതെങ്കിൽ അലക്സാന്ത്രിയായിലെ സ്വതന്ത്രയഹൂദന്മാർ അപ്രകാരം തന്നെയായിരുന്നുവോ? ദൈവം പരിശുദ്ധാത്മവരങ്ങൾ, ക്രിസ്തുവിനെ സ്വീകരിച്ചവർക്കും, അല്ലാത്തവർക്കും, അളവുകൂടാതെ കൊടുക്കുകയായിരുന്നോ?

അലക്സാന്ത്രിയായിലെ യഹൂദന്മാർ യഥാർത്ഥത്തിൽ ഗബ്രിയേലിനോടോ മീഖായേലിനോടോ, ദൂതന്മാരോടോ സംസാരിക്കുകയല്ലായിരുന്നു, യഥാർത്ഥത്തിൽ അവർക്കുണ്ടായ അനുഭവത്തിനൊരു പേരുകൊടുത്തുവെന്നേയുള്ളു; അത് ഗ്ലോസ്സൊലാലിയ എന്നറിയപ്പെടുന്ന അർത്ഥമില്ലാത്ത ഒരു ജല്പനമായിരുന്നിരിക്കാനാണു സാദ്ധ്യത.

**കൊരിന്ത്യസഭ (ഗ്ലോസ്സൊലാലിയ) GLOSSOLALIA**

ഗ്ലോസ്സൊലാലിയ എന്നാൽ Glosso = Tongue; (നാവ്) Lalia; (ലാലിയ) എന്നാൽ Speech (സംസാരം) എന്നുമാണ് ഇതിന്റെ അർത്ഥം ക്രിസ്തീയ ഗോളത്തിനു വെളിയിൽ ഇതുപരക്കെ അറിയപ്പെടുന്ന ഒരു സംഭവമാണ്. സാധാരണ ക്രിസ്തേതര മതങ്ങളിലെ പുരോഹിതനോ, പുരോഹിതയോ, ആയവർ മരിച്ചുപോയവരുടെയോ, വിഗ്രഹ ദൈവങ്ങളുടെയോ ആത്മാവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നുവെന്നഭാവേന ഒരുമയക്കത്തിലായി ഏതോഭാഷയെന്നണ്ണം അർത്ഥമില്ലാത്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ഈ പ്രതിഭാസത്തെയാണ് *ഗ്ലോസ്സൊലാലിയ* എന്നപദംകൊണ്ടു വിശേഷിപ്പിക്കുന്നത്.

അന്യഭാഷകൾ ഇന്നത്തെ ക്രിസ്തീയസഭയിൽ എന്നവിഷയത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ ഇതിനെക്കുറിച്ചു വിശദമായി പരിശോധിക്കാം. എന്നാൽ ഇപ്പോൾ നാം കൊരിന്ത്യയിലെ സഭയുടെ കാര്യം അല്പംകൂടി പഠിക്കേണ്ടതുണ്ട്.

കൊരിന്ത്യസഭയിലെ പ്രശ്നം ഗ്ലോസ്സൊലാലിയ ആയിരുന്നുവെന്നു കരുതുവാൻതക്കതായ തെളിവുകൾ പൗലോസിന്റെ കത്തുകളിലുണ്ടോ? *ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലായെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ.* (1കൊരി. 13/1)

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു, പുരുഷനായശേഷമോ! ഞാൻ ശിശുവിനുള്ളതു ത്യജിച്ചുകളഞ്ഞു. (1കൊരി. 13/11)

കുഴൽ, വീണ എന്നിങ്ങനെ നാദം കൊടുക്കുന്ന നിർജ്ജീവ സാധനങ്ങൾ തന്നെയും നാദഭേദം കാണിക്കാഞ്ഞാൽ ഊതിയതോ മീട്ടിയതോ എന്തെന്ന് എങ്ങനെ അറിയും? കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ പടയ്ക്ക് ആർ ഒരുങ്ങും.(1കൊരി.14/7,8)



അതുപോലെ നിങ്ങളും നാവുകൊണ്ട്തെളിവായവാക്ക് ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നതെന്തെന്ന് എങ്ങനെ അറിയും.(1കൊരി. 14/9)
ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു, എന്റെ ആത്മാവുകൊണ്ടു പാടും, എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു.(1കൊരി. 14/14)

ആത്മാവുകൊണ്ടുപാടും, ബുദ്ധികൊണ്ടും പാടും.(1കൊരി. 14/15)

മേൽപ്പറഞ്ഞ ആറുവാക്യങ്ങളിൽനിന്നും കൊരിന്ത്യസഭയിലെ അന്യഭാഷകൾ തെളിവില്ലാത്തവയായിരുന്നു എന്നുമനസ്സിലാക്കാം. ഈ വാക്യങ്ങളെ മാറ്റിനിർത്തിയാൽത്തന്നെ പൗലോസിന്റെ അടുത്തവാക്ക് വളരെ ശ്രദ്ധാർഹമാണ്.

'എങ്കിലും സഭയിൽ പതിനായിരം വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ, പഠിപ്പിക്കേണ്ടതിന് ബുദ്ധികൊണ്ട് അഞ്ചു വാക്ക് പറയുവാൻ ഞാൻ ഇച്ശിക്കുന്നു. (1കൊരി. 14/19)'

ആ വാക്യങ്ങളുടെ തെളിവായ അർത്ഥത്തിനുമുമ്പിൽ നമുക്ക് ഒഴികഴിവുപറയുവാൻ സാദ്ധ്യമല്ല. കൊരിന്ത്യ സഭയിലെ അന്യഭാഷ ബുദ്ധിക്കു നിരക്കാത്തതാണെന്നത്രേ പൗലോസ് യഥാർത്ഥത്തിൽ പറയുന്നത്. കൊരിന്ത്യസഭയിലെ അന്യഭാഷകൾ ഗ്ലോസ്സൊലാലിയ ആയിരുന്നുവെന്നു മേൽപറഞ്ഞ വാക്യങ്ങളിൽക്കൂടി പൗലോസ് ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങളാകരുത് (1കൊരി. 14/20, 14/11 മായിതാരതമ്യം ചെയ്യുക.)

സഭയൊക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നു എങ്കിൽ അത്മവരമില്ലാത്തവരോ അവിശ്വാസികളോ അകത്തുവന്നാൽ നിങ്ങൾക്കുഭ്രാന്തുണ്ട് എന്നുപറയുകയില്ലയോ? (1കൊരി. 14/23)

പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവല്ല, സമാധാനത്തിന്റെ ദൈവമത്രേ.(1കൊരി. 14/32,33)

ഇത് ആദ്യം കേൾക്കുമ്പോൾ പലർക്കും പ്രയാസമുണ്ടായേക്കും. പൗലോസിന്റെ കാലയളവിൽ ഇത്തരമൊരുകാര്യം ഉണ്ടാകുക അസാദ്ധ്യമെന്ന് അവർ പറഞ്ഞേക്കാം. എന്തുകൊണ്ടായിക്കൂടാ എന്ന് ചോദിക്കേണ്ടിയിരിക്കുന്നു. ഗ്ലോസ്സൊലാലിയ എന്ന പ്രതിഭാസം പുതിയതൊന്നുമല്ല, ഇക്കാലത്തും അനേക മതങ്ങളിൽ ഇതുനടപ്പിലുണ്ട്. കൊരിന്ത്യ സഭക്കുമുമ്പ് മറ്റുമതങ്ങളിൽ ഗ്ലോസ്സൊലാലിയ എന്ന പ്രതിഭാസം ഉണ്ടായിരുന്നു. ഇക്കാലത്തും അനേകമതങ്ങളിൽ ഇതുനടപ്പുണ്ട്.

കൊരിന്ത്യ സഭയിലുണ്ടായിരുന്ന മറ്റുപ്രശ്നങ്ങൾകൂടി കണക്കിലെടുക്കാം, ഭിന്നത (1കൊരി. 1/10,15) ദുർന്നടപ്പ് (അദ്ധ്യായം.5) വ്യവഹാരം (1കൊരി. 6/1–11) ലൈകീക അരാജകത്വം (1കൊരി. 6/12,20) വിവാഹപ്രശ്നങ്ങൾ (അദ്ധ്യായം.7) വിഗ്രഹാരാധന. (അദ്ധ്യായം.8) പിന്മാറ്റം (അദ്ധ്യായം.10/1–13) ആരാധനയിലെ ക്രമക്കേടുകൾ (അദ്ധ്യായം.11/–) പുനരുത്ഥാനനിഷേധം (അദ്ധ്യായം.15/–) കൊരിന്ത്യസഭയിലെ പ്രശ്നങ്ങളിൽ ഏറ്റവും ചെറുതായിരുന്നു അന്യഭാഷകൾ മൂലമുണ്ടായിരുന്ന ക്രമക്കേട്.

*കൊരിന്ത്യസഭയെക്കുറിച്ച് ഒരു വാക്കുകൂടി.*

കൊരിന്ത്യസഭ വൈവിദ്ധ്യമാർന്നതായിരുന്നു എന്നുള്ളതുകൂടാതെ ഭിന്നതയുണ്ടായിരുന്നതും അവിടുത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള വൈഷമ്യം കൂടുതലാക്കി. അന്യോന്യം കൂട്ടായ്മക്കുമടിച്ചിരുന്ന നാലു ഗ്രുപ്പുകാരെക്കുറിച്ചു പൗലോസ് പ്രതിപാദിക്കുന്നു. (1കൊരി. 1/10–13) ഓരോ ഗ്രൂപ്പും ഓരോ പേരിലാണ് അറിയപ്പെട്ടിരുന്നത്. ഒരുപക്ഷേ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കാം അവർ വിഭജിക്കപ്പെട്ടിരുന്നത്. ഇത്തരം പ്രശ്നങ്ങളിൽ സ്വാഭാവികമായും സംഭവിക്കാറുള്ളതുപോലെ കുടുംബപാരമ്പര്യങ്ങളുടെ പേരിലും വർഗ്ഗവ്യത്യാസത്തിന്റെ പേരിലും ആയിരിക്കാം അവർ വ്യക്തികളുടെ നേതൃത്വത്തിൽ നിന്നതിനാൽ പൗലോസിന് വളരെ നയപരമായി ഇതു കൈകാര്യം ചെയ്യേണ്ടിവന്നു.



മേൽപ്പറഞ്ഞ ഓരോ ഗ്രൂപ്പിന്റെയും പ്രത്യേകതകൾ വേർതിരുച്ചു മനസ്സിലാക്കുവാൻ ചിലയാളുകൾ ശ്രമിച്ചിട്ടുണ്ട് ഉദാഹരണത്തിന്, ഒരു ഗ്രൂപ്പ് അപ്പല്ലോസിന്റെ പക്ഷക്കാർ എന്നാണ് അറിയപ്പെട്ടിരുന്നത്, അപ്പല്ലോസ് അലക്സന്ത്രിയക്കാരനായിരുന്നതിനാൽ സംഗീതം, ഉണർവ്, സ്ത്രീകൾക്ക് തുല്യപങ്കാളിത്തം, ദൂതഭാഷകൾ എന്നിങ്ങനെ സ്വതന്ത്ര ചിന്താഗതിക്കരായ യഹൂദന്മാരുടെ നടപടികളെ അനുകൂലിച്ചിരുന്നു എന്ന് അവർ കരുതി. അതേസമയം പത്രോസ്ഗ്രൂപ്പ് കൂടുതൽ യഥാസ്ഥിതിക്കാരായിരുന്നു ഗലാത്യ.2/11,14 മായി താരതമ്യം ചെയ്യുക. എന്നാൽ അതെല്ലാം ഊഹാപോഹങ്ങൾ മാത്രമായിരുന്നു. അപ്പൊല്ലോസോ മറ്റ് അപ്പോസ്തലന്മാരോ ഇത്തരം ഗ്രൂപ്പുകളെ അംഗീകരിക്കുകയോ പക്ഷം ചേരുകയോ ചെയ്തിരുന്നില്ല, അതിനുള്ളസമയവും അവർക്കില്ലായിരുന്നു. (1കൊരി. 16/12)

ഈ നാലുപക്ഷക്കാർക്കും അവരവരുടേതായ പ്രശ്നങ്ങളുണ്ടായിരുന്നു എന്നത് വ്യക്തമാണ്. പൗലോസ് തന്റെ ലേഖനത്തിൽ ഈ നാലുപക്ഷക്കാരെയും സംബോധന ചെയ്യുന്നതായികാണം, എന്നാൽ ആര് ഏതുപക്ഷക്കാരനെന്ന് ലേഖനത്തിൽ വ്യക്തമാക്കിയിട്ടില്ലെന്നുമാത്രം ഈ സാഹചര്യത്തിൽ കൊരിന്ത്യ സഭയിൽ കൂടിക്കുഴഞ്ഞ പ്രശ്നങ്ങൾക്ക് ഏതെങ്കിലും ഒരുത്തരം മാത്രമെടുത്ത് മറുപടിപറയാൻ ശ്രമിക്കുന്നത് മൗഢ്യമായിരിക്കും.

"*അന്യഭാഷ വിലക്കരുത്*"എന്നപൗലോസിന്റെ ഉപദേശത്തിന്റെ അർത്ഥം ആദ്യത്തെ രണ്ടു വിഭാഗത്തിൽപ്പെടുന്ന ചിലഅന്യഭാഷക്കാർ കൊരിന്ത്യ സഭയിൽ ഉണ്ടായിരുന്നുവെന്നാണ്. എന്നാലും 1കൊരി. 14ലെ ആന്തരിക തെളിവുകൾ വെച്ചുനോക്കുമ്പോൾ മറ്റേതുവസ്തുതകൾ ഉണ്ടായിരുന്നാലും ഗ്ലോസ്സൊലാലിയ എന്ന പ്രധാന പ്രശ്നത്തെയാണ് പൗലോസ് നേരിട്ടത് എന്നുമനസ്സിലാക്കാം ഈ വിലയിരുത്തൽ ചിലർക്കൊരു ഹേമമായി തോന്നിയേക്കാം. എന്നാൽ പൊതുവേ സങ്കീർണ്ണമായ ഈ അദ്ധ്യായത്തിലെ വാക്യങ്ങൾ നോക്കുമ്പോൾ, സന്ദർഭങ്ങളുമായി പൊരുത്തപ്പെടുന്ന ഒരേഒരു അഭിപ്രായം ഇതുമാത്രമാണ്.

6666666666666666

## അദ്ധ്യായം.2
## ആധുനീക സഭകളിലെ അന്യഭാഷകൾ

തിരുവചനത്തിലെ അന്യഭാഷ നാം പരിശോധിച്ചു, തുടർന്ന് അക്കാലത്ത് സഭകളിൽ കാണപ്പെട്ടിരുന്ന അന്യഭാഷകൾ അപ്പോസ്തല പ്രവൃത്തികൾ 2,10,19, അദ്ധ്യായങ്ങളിൽ നാം കാണുന്ന അതേ പ്രകാരം തന്നെയോ എന്നൊന്നു പരിശോധിക്കാം.

ഇന്നത്തെ സഭകളിലെ അന്യ ഭാഷകൾ അപ്പോസ്തല പ്രവൃത്തികളിലേതുമായി ഒരു ബന്ധവുമുള്ളതല്ലെന്ന് ആർക്കും പെട്ടെന്നു മനസ്സിലാക്കാം, പെന്തക്കോസ്തുനാളിൽ വിശ്വാസികൾ തങ്ങൾ പഠിച്ചിട്ടില്ലാത്തതെങ്കിലും യഥാർത്ഥ ഭാഷകളാണു സംസാരിച്ചത്. കൂടാതെ അവർ സുവിശേഷം മറ്റു ദേശക്കാർക്കു വ്യക്തമായി അവരവരുടെ ഭാഷകളിൽ മനസ്സിലാകത്തക്കവിധം യഥാർത്ഥ ഭാഷയിലാണ് വെളിപ്പെടുത്തിയത്. അന്യഭാഷകൾ അവകാശപ്പെടുന്ന ഏത് ആധുനിക സഭയിലാണു ഇപ്രകാരം സംഭവിക്കുന്നത്?.

ആധൂനിക അന്യ ഭാഷകൾക്ക് സാദ്ധ്യമായ വിശദീകരണങ്ങൾ നമുക്കൊന്നു നോക്കാം. കൊരിന്ത്യസഭകളെ സംബന്ധിച്ചു നാം പരിഗണിച്ച നാലു കാര്യങ്ങൾ തന്നെയാണിവിടെയും നോക്കേണ്ടത്.

**കൊരിന്തിൽ എന്തണു സംഭവിച്ചത്?**

നാലുകാര്യങ്ങളാണ് നമുക്കുമുമ്പിലുള്ളത്

1. മനുഷ്യൻ പഠിച്ചിട്ടുള്ള ഭാഷകൾ
2. പഠിച്ചിട്ടില്ലാത്ത മനുഷ്യ ഭാഷകൾ
3. അമാനുഷ്യ മനുഷ്യ ഭാഷകൾ (മനുഷ്യേതര ഭാഷകൾ)
4. അവ്യക്തമായ ജല്പനങ്ങൾ
4. ഗ്ലോസ്സൊലാലിയ GLOSSOLALIA



**1. അന്യഭാഷകൾ ഇന്ന് മനുഷ്യൻ പഠിച്ചിട്ടുള്ള ഭാഷകൾ**

കൊരിന്ത്യസഭയിൽ പ്രസക്തമായിരുന്ന ഈ സംഗതി ഇന്നത്തെ സഭകളെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. സ്ത്രീകളിൽ, മറ്റൊരു ഭാഷ പഠിച്ചുട്ടുള്ളവർക്ക് അറിയാം, എന്തുമാത്രം കഠിനപ്രയത്നം ചെയ്തിട്ടുണ്ടെന്നറിയാം, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി കരുതുവാൻ അവർ വിസമ്മതിക്കും.

**2. അന്യഭാഷകൾ ഇന്ന്: പഠിച്ചിട്ടില്ലാത്ത മനുഷ്യ ഭാഷകൾ**

സ്പഷ്ടമായി പറയുന്നതായാൽ അപ്പോസ്തല പ്രവൃത്തികളിൽ 3,10,19, അദ്ധ്യായങ്ങളിലേതിനു തുല്യമായ അന്യഭാഷകൾ ഇന്നത്തെ സഭകൾക്കുപറയുവാൻ കഴിയുമെങ്കിൽ അവർ അതിനെ സുവിശേഷീകരണത്തിനു ഉപയോഗിക്കേണ്ടതല്ലേ?. ഒരു വിദേശ പ്രസംഗകൻ, പരിഭാഷകന്റെ സഹായത്തോടെ ഒരു സ്റ്റേഡിയത്തിൽ തടിച്ചുകൂടിയുരുന്ന ആയിരത്തിലേറെയുള്ള ജനത്തോടു തിരുവചനത്തിൽനിന്നും ഏതെങ്കിലും ഒരു വിഷയത്തെ ആധാരമാക്കി പ്രസംഗിച്ചുകൊണ്ടിരിക്കുന്നു എന്നുകരുതുക. പത്രോസ് അപ്പോസ്തലനാണ് ഈ സ്റ്റേഡിയത്തിൽ സംസാരിക്കുന്നതെങ്കിൽ, അദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തേണ്ടതായ ആവശ്യം വരികയില്ല, എങ്കിലും ഏറ്റവും പ്രഗത്ഭനായ വോറൊരു ഭാഷക്കാരനു തന്നെയും തന്റെ സമീപ സ്ഥലവാസിയായ വേറൊരു ഭാഷക്കാരനോടു സുവിശേഷം പറയുവാൻ കഴിയുന്നില്ലെന്നതാണു വാസ്തവം.

തെളിവുകൾ വച്ചുനോക്കുമ്പോൾ ആധുനിക അന്യഭാഷകൾ യഥാർത്ഥ ഭാഷകളാണെങ്കിൽ അന്യ ഭാഷക്കാരന്റെ അയൽവാസിക്കറിയാൻ പാടില്ലാത്ത ഭാഷയിലാണ് (സൗകര്യപൂർവ്വം) അയാൾ സംസാരിക്കുന്നത്. തിബത്തുകാരുടെയോ എസ്കിമോകളുടെയോ ഭാഷയിൽ സംസാരിക്കുവാൻ സാധിക്കുമെന്ന് ആരെങ്കിലും അവകാശപ്പെടുന്നത് അസാധാരണമല്ല. ഇതുപോലെയാണ് മേൽപ്പറഞ്ഞതരം അവകാശവാദങ്ങൾ. പക്ഷേ അത്തരക്കാർ ഭോഷ്ക്കാണു പറയുന്നത്, അവരുടെ അന്യഭാഷ റെക്കാർഡു ചെയ്ത് ഒരു ഭാഷാവിദഗ്ദ്ധനെ കേൾപ്പിച്ചാൽ അതു തിബത്തുഭാഷയുമല്ല, എസ്കിമോയുമല്ല, യുക്തിഹിതമായ

ഒരു ഭാഷയുമല്ല എന്നു മനസ്സിലാക്കാം.

ഇത് അനേകവായനക്കാരെ അമ്പരപ്പിച്ചേക്കാം, ആരും ഇതുവരെയും കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു ഭാഷയിലല്ല ഒരാൾ സംസാരിക്കുന്നതെന്ന് എങ്ങനെ തീർച്ചപ്പെടുത്തുവാൻ സാധിക്കും? ആമസോൺ ഘോരവനങ്ങളിലോ ബോർണ്യോ വനങ്ങളിലോ താമസിക്കുന്ന ഗോത്രവർഗ്ഗങ്ങൾക്കും മറ്റാർക്കും അറിയാൻ പാടില്ലാത്ത ഭാഷ ഉണ്ടായിരിക്കില്ലേ! ഇല്ല എന്നതാണുസത്യം. ആധുനികലോകം കണ്ടുപിടിക്കാത്തതായി ഒരുഭാഷയുമില്ലെന്നതാണു വസ്തുത. ഈ വിഷയം ബൈബിൾ സംബന്ധമായ ഒന്നായതുതന്നെ മുൻനിയമിക്കപ്പെട്ടതുപോലെ യുണൈറ്റഡ് ബൈബിൾ സൊസൈറ്റിക്കും അതുപോലെയുള്ള സംഘടനകൾക്കും നന്ദിപറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ 150 വർഷങ്ങൾക്കിടയിൽ വിശുദ്ധ വേദപുസ്തകം പുതിയനിയമം, എങ്കിലും ലോകത്തറിയപ്പെടുന്ന നിലവിലുള്ള അയ്യായിരത്തിലധികം ഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് ഒരു താഴ്‌വരയിൽ താമസിക്കുന്ന ഏതാനും ആളുകൾമാത്രം സംസാരിക്കുന്ന ഭാഷയിലേക്കുപോലും ബൈബിൾ പരിഭാഷപ്പെടുത്തുന്നു. ഇപ്രകാരമുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിനാളുകൾ കഠിനപ്രയത്നം ചെയ്ത് ആവശ്യമായ നിഘണ്ടുക്കളും വ്യാകരണ ഗ്രന്ഥങ്ങളും നിർമ്മിക്കയും ഭാഷകളെ സംബന്ധിച്ച് അനേക വിവരങ്ങൾ ശേഖരിക്കയും, അത് സർവ്വകലാശാലകളിലും, ഭാഷാ ഗവേഷണസ്ഥാപനങ്ങളിലും രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുന്നുണ്ട്.

അന്യഭാഷ അവകാശപ്പെടുന്ന ഒരു പ്രസംഗകന് അവകാശപ്പെടാവുന്ന, കണ്ടുപിടിക്കപ്പെടാത്ത ഒരു ഭാഷയും നിലവിലില്ല എന്നതാണു സത്യം. ബൈബിൾ സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ കൂടാതെതന്നെ ഭാഷകൾ തമ്മിലുള്ള അന്തരം വളരെ കുറവാണെന്നിപ്പോൾ കണ്ടുപിടിച്ചിട്ടുണ്ട്. നിലവിലുള്ള ഭാഷകളെല്ലാംതന്നെ പ്രധാനപ്പെട്ട ഏതെങ്കിലും ഒരു ഭാഷാവിഭാഗത്തിൽ (Lanuage Family) പെടും, താരതമ്യ ഭാഷാപഠനംകൊണ്ട് അതുതിരിച്ചറിയാനും സാധിക്കും. ഉദാഹരണത്തിന് ഇംഗ്ലീഷ്, റഷ്യൻ, ഹിന്ദി എന്നിവ ഇൻഡോ – യുറോപ്യൻ ഭാഷാവിഭാഗത്തിൽ പെടുന്നതാണ്. കേൾവിയിൽ വ്യത്യസ്തമായി തോന്നാമെങ്കിലും അതിനെല്ലാം അടിസ്ഥാനഘടകം ഒന്നാണ്. ലാറ്റിൻ, സംസ്കൃതം മുതലായ മൃത ഭാഷകളെ സംബന്ധിച്ചു ഇതു ശരിയാണ്. കാരണം അവ ആധുനീക ഭാഷകളുടെ പുർവ്വികരാണല്ലോ. ഒരു ഭാഷാവിദഗ്ദ്ധന് ഒരു പ്രത്യേകഭാഷ അറിഞ്ഞുകൂടാ എങ്കിലും ഭാഷാവിഭാഗത്തെ (Family) തിരിച്ചറിയാൻ സാധിക്കും ഉദാഹരണത്തിന്, അയാൾക്കു *ഖാസി* അറിഞ്ഞുകൂടായിരിക്കും. (വടക്കുകിഴക്കേ ഇൻഡ്യയിൽ ഏകദേശം 5 ലക്ഷത്തോളം ആളുകളേ മേഘാലയ ഭാഷയായ ഖാസി സംസാരിക്കുന്നുള്ളു)

എന്നാൽ അതൊരു ആസ്ട്രോ – ഏഷ്യൻ കുടുംബത്തിൽപ്പെട്ട *മോൺഖ്മർ* ഉപഗ്രൂപ്പിൽപ്പെട്ട ഭാഷയാണെന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടാകയില്ല. ഭാഷ അറിഞ്ഞുകൂടെങ്കിലും അതൊരു യഥാർത്ഥ ഭാഷയാണോ അല്ലയോ എന്നു മനസ്സിലാക്കുവാൻ അയാൾക്കുകഴിയും അപ്രകാരമൊരാളെ ഒരു അന്യഭാഷ ശബ്ദലേഖനം ചെയ്തു കേൾപ്പിച്ചാൽ ഉടൻതന്നെ അതൊരു യഥാർത്ഥ ഭാഷയാണോ എന്നറിയാൻ സാധിക്കും, അടിസ്ഥാന ഘടകമില്ലാത്തതിനാൽ അതുവെറും അർത്ഥമില്ലാത്ത ജല്പനമാണെന്നു മനസ്സിലാകും. പൗലോസ് പറയുന്നത് ഇതിനോടു യോജിക്കുന്നു.

*ലോകത്തിൽ വിവിധഭാഷകൾ അനവധിയുണ്ട് അവയിൽ ഒന്നും തെളിവില്ലാത്തതല്ല. (1കൊരി. 14/10)* 2000 വർഷങ്ങൾക്ക്മുൻപ് പൗലോസ് എഴുതിയ ഈ വാക്കുകൾ ഭാഷാശാസ്ത്രത്തിന്റെ അനുഭവത്തിൽ വരാൻ നൂറ്റാണ്ടുകൾ വേണ്ടിവന്നുവെന്നുസാരം. കണ്ടുപിടിക്കപ്പെടാത്ത ഒരു സാധാരണഭാഷയിൽ ആരെങ്കിലും സംസാരിക്കന്നു എന്നവകാശപ്പെടുന്നുവെങ്കിൽ ഒരു ശബ്ദലേഖന യന്ത്രത്തിന് (Tape Recorder) അവരുടെ തന്ത്രം പുറത്താക്കുവാൻ കഴിയും. ചുരുക്കത്തിൽ ഇന്ന് സഭകളിൽ കേൾക്കുന്ന അന്യഭാഷകൾ ആധുനിക മനുഷ്യഭാഷകളുടെ പട്ടികിയിൽപ്പെടുന്നതല്ല.

### 3. മനുഷ്യേതര ഭാഷകൾ

അന്യഗ്രഹ ജീവികളുടെ ഭാഷകൾ തള്ളിക്കളയാവുന്നവ ആണെന്ന് വായനക്കാർ സമ്മതിക്കുമല്ലോ, *മാഴ്സ്* പോലെയുള്ള അന്യ

ഗ്രഹങ്ങളിൽ ജീവന്റെ അംശം ഇല്ലായെന്നു തെളിഞ്ഞിട്ടുണ്ട് അങ്ങനെയുള്ള ഒരു ഗ്രഹത്തിലെ ഭാഷ പരിശുദ്ധാത്മാവു വരമായി കൊടുക്കുന്നതെന്തിനാണ്? ഇത്തരം ആശയങ്ങൾ ആധുനീക സിനിമായ്ക്കും ടെലിവിഷനുമുള്ളതാണ്, ബൈബിളിനില്ല.

കുറെക്കൂടി ഉചിതമായ സാധാരണ അവകാശവാദമാണ് ഇന്നത്തെ അന്യ ഭാഷകൾ 1കൊരി. 13/1ൽ പറയുന്ന ദൂതന്മാരുടെ ഭാഷയാണെന്നുള്ളത്, എന്നാൽ അലക്സാന്ത്രയായിലെ യഹൂദന്മാരുടെ ആരാധനയുടെ ഭാഗമായ ആത്മനിർവൃതിയിൽ അവർ പുറപ്പെടുവിക്കുന്ന ജല്പനങ്ങളാണ് ദൂതഭാഷയെന്നുവിളിക്കപ്പെടുന്ന അന്യഭാഷയെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞല്ലോ.

**4. ആധുനിക അന്യ ഭാഷ ഗ്ലോസ്സൊലാലിയയോ?**

ഭാഷാ വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ 'അതേ' എന്നാണുത്തരം (*D ക്രിസ്റ്റിമുളേയുടെ '<u>ദേവന്മാരുടെ ശബ്ദം</u>'. F. ഗുഡ്മാൻ ന്റെ <u>അന്യഭാഷകൾ.</u> കിൽഡാൽ, J.P യുടെ <u>അന്യഭാഷകളുടെ മനശ്ശാസ്ത്രം,</u> W.J സമരിന്റെ മനുഷ്യരുടെയും <u>ദൂതന്മാരുടെയും ഭാഷകൾ</u>* മുതലായ പ്രസിദ്ധീകരണങ്ങൾ പരീശോധിക്കുക). ഭാഷാവിദഗ്ദ്ധരുടെയും മനശാസ്ത്രകാരന്മാരുടേയും നരവംശ ശാസ്ത്രജ്ഞന്മാരുടെയും ഗ്ലോസ്സൊലാലിയായെക്കുറിച്ചുള്ള നിർവ്വചനത്തിൽ അല്പസ്വല്പം വ്യത്യാസം കണ്ടേക്കാം. എന്നാൽ അതൊരു യഥാർത്ഥ ഭാഷയല്ലെന്നുള്ള കാര്യത്തിൽ എല്ലാവരും ഒരുപോലെ യോജിക്കുന്നു.

ക്രിസ്ത്യാനികളുടെയിടയിലെ അന്യഭാഷ മറ്റുമതങ്ങളിലെ ഗ്ലോസ്സൊലാലിയായുമായി അല്പം വ്യത്യാസമുണ്ടെന്നാണ് നരവംശ ശാസ്ത്രജ്ഞന്മാരും സാമുഹ്യ ശാസ്ത്രകാരന്മാരും കരുതുന്നത്.

ക്രിസ്തേതര മതങ്ങളിൽ ഗ്ലോസ്സൊലാലിയ പരക്കെയുള്ള സ്ഥിതിക്ക്, ഒരു അക്രൈസ്തവൻ അന്യഭാഷ (ജല്പനം) സംസാരിക്കുമ്പോൾ അതിനർത്ഥമില്ലെന്നും ഒരു ക്രിസ്തീയകൂട്ടത്തിൽ അതുചെയ്യുമ്പോൾ അതിനർത്ഥമുണ്ടെന്നും ദൈവത്തിൽ നിന്നുള്ള വെളിപ്പാടാണെന്നും എങ്ങനെ പറയാൻ സാധിക്കും? പുതിയനിയമം അക്രൈസ്തവ ജല്പനങ്ങളെ പ്രത്യേകാൽ വേർതിരിക്കുന്നില്ല.



*നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്.* (മത്തായി 6/71) എന്നു കർത്താവു പറഞ്ഞത് ഈ ഗ്ലോസ്സൊലാലിയയെക്കുറിച്ചായിരിക്കണം.

666666666666666

## അദ്ധ്യായം 3.

## ആത്മവരങ്ങൾ ആധുനീകസഭകളിൽ

പൗലോസിന്റെ തെളിവ്

*നാം ഇതുവരെ പരിഗണിക്കാതിരുന്ന ഒരു പ്രധാനവിഷയംകൂടി പരിശോധിക്കാം.* പരിശുദ്ധാത്മ വരങ്ങളെക്കുറിച്ചാണിത്. 'സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല, പ്രവചനവരമോ അതു നീങ്ങിപ്പോകും ഭാഷാവരമോ അതു നിന്നുപോകും'. (1കൊരി. 13/8)
പൗലോസിന്റെ ഈ പ്രസ്താവനയെ മുൻനിർത്തി മേൽപറഞ്ഞ വിഷയം നമുക്ക് പരിഗണിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. അപ്പോസ്തൊലന്മാരുടെ കാലശേഷം ആത്മവരങ്ങൾ നിന്നുപോയി എന്ന് അനേകർ വിശ്വസിക്കുവാൻ കാരണം. മേൽപ്പറഞ്ഞ വാക്യമാണ്.

പുതിയനിയമത്തിൽ ആത്മവരങ്ങൾ കൈമാറ്റപ്പെട്ടത് കൈവെപ്പിനാലാണെന്നുള്ളതാണ് രണ്ടാമത്തെക്കാരണം. (അപ്പോ. 8/17, 19/6) എന്നാൽ കൈവെപ്പിനുള്ളവരം മറ്റുള്ളവർക്കു കൈമാറ്റപ്പെട്ടിട്ടില്ലെന്നാണ് അപ്പോ. 8/19–ൽ നിന്നും മനസ്സിലാകുന്നത്. അപ്പോസ്തലന്മാരുടെ മരണശേഷം ആത്മവരങ്ങൾ പകരുവാൻ ആളില്ലാതിരുന്നു, പിന്നീട് അപ്പോസ്തലന്മാരിൽ നിന്നും വരംലഭിച്ചവരും കടന്നുപോയി, അങ്ങനെ മേൽപ്പറഞ്ഞ ആത്മവരങ്ങൾ നിന്നുപോയി.

**സഭാചരിത്രകാരന്മാരിൽ നിന്നുള്ള തെളിവുകൾ**

അപ്പോസ്തലന്മാരുടെ മരണശേഷം അപ്പോസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിട്ടുള്ളപ്രകാരം തെളിവായ അന്യഭാഷാ അനുഭവങ്ങളെക്കുറിച്ച് സഭാചരിത്രരേഖകളിൽ കാണപ്പെടുന്നില്ല. അന്യഭാഷകളെക്കുറിച്ചുള്ള വിരളമായ പരാമർശങ്ങൾ ചില സഭകളിൽ ഇന്നുകാണുന്നതുപോലെയുള്ളവ മാത്രമാണ്.

മൊണ്ടനാസ് എന്ന കാരിസ്മാറ്റിക്ക് പ്രസംഗകനെ സംബന്ധി

ക്കുന്ന ഒരു വിവരണമാണ് താഴെകൊടുത്തിരിക്കുന്നത്.

അവൻ ഏകാഗ്ര ചിത്തനായി ഒരുതരം ഉന്മാദാവസ്ഥയിലെന്ന പോലെ പുലമ്പുകയും സഭയിൽ നടപ്പിലുള്ള രീതിക്കുവിരുദ്ധമായി വിചിത്രമായി പ്രവചിക്കുകയും ചെയ്യുവാൻ തുടങ്ങി. അവന്റെ കൃത്രിമമായ പുലമ്പൽകേട്ട ചിലർ കോപാവേശരായി...... പരിശുദ്ധാത്മവരങ്ങളും പ്രവചനവരവുമുണ്ടെന്നു ഭാവിച്ചമറ്റുള്ളവർ ആവേശഭരിതരായി ചീർത്തു......... അവൻ സമീപത്തുണ്ടായിരുന്ന രണ്ടു സ്ത്രീകളെ പ്രലോഭിപ്പിച്ച് കപടാത്മാവിനാൽ നിറച്ചു അവരും വിചിത്രമായും യുക്തിരഹിതമായും സംസാരിക്കുവാൻ തുടങ്ങി. (യുസീബിയാസ് ചരിത്രം 5:16).

ഏ.ഡി 140 ലെ ഒരു ഉണർവ്വു പ്രസംഗകനായ മർക്കോസിനെക്കുറിച്ചുള്ളതാണ് അടുത്തഭാഗം.

'തന്റെ പ്രവചനവരം പ്രാപിക്കുവാൻ യോഗ്യതയുണ്ടെന്നു തനിക്കു തോന്നുന്നവരെയൊക്കെ അവൻ അതിനു പ്രാപ്തനാക്കുന്നു, പ്രത്യേകിച്ച് മോടിയായി വസ്ത്രധാരണം ചെയ്ത സമ്പന്നരും, തറവാടികളുമായ സ്ത്രീകളേ, നിങ്ങളുമായി എന്റെ കൃപാവരം പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു, കണ്ടാലും കൃപാവരം നിങ്ങളുടെമേൽ വന്നിരിക്കുന്നു, വായ്തുറന്ന് നിങ്ങൾക്കു ലഭിക്കുന്നതുപോലെ സംസാരിക്കുക നിങ്ങൾ പ്രവചിക്കും എന്നിങ്ങനെയുള്ള വാക്കുകളാൽ തന്നിലേക്കാകർഷിക്കുന്നു. വലിയ പ്രചോദനത്തിനു കീഴ്പ്പെട്ട് താൻ പ്രവചിക്കേണ്ടതാണെന്നുള്ള അവബോധത്തോടുകൂടി വൈകാരികതയിൽ ധൈര്യം പ്രാപിച്ച് പൊള്ളയായ ഒരാത്മവിൽ നിന്നുയരുന്ന *അർത്ഥമില്ലാത്ത വാക്കുകളാൽ അവർ ജല്പനം ചെയ്യുന്നു*. തുടർന്ന് അവർക്കു തന്നെ അവർ ഒരുതരം പ്രവാചകരെന്നു തോന്നുന്നു'. (ഐറോനിയസ് വിശ്വാസത്യാഗം 1/14)

A.D.30ലെ പെന്തക്കോസ്തിനും നൂറുവർഷങ്ങൾക്കു ശേഷം നടക്കുന്ന ഈ സംഭവങ്ങൾക്കു ഇടയിൽ ഒരു കാലയളവ് ഉണ്ടെന്നുള്ളത് വ്യക്തമാണെല്ലോ. ചരിത്രകാരൻ രേഖപ്പെടുത്തുന്ന ഈ ജല്പനവും അസംബന്ധവും എന്തായിരുന്നു എന്നു വ്യക്തമാക്കിയിട്ടില്ലെങ്കിലും ഈ കാലയളവിനെ അതിജീവിച്ച ഒരു ക്രൈസ്തവ എഴുത്തുകാരൻ (പിസ്റ്റിസ്സോഫിയ.4/142). ആധുനീക ഗ്ലോസ്സൊലാലിയായ്ക്കു സമാനമായ നിരർത്ഥകരമായ ജല്പനങ്ങളെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്.



മൂന്നാമത്തെ സംഗതി, അപ്പോസ്തലന്മാരുടെ കാലത്ത് ഉണ്ടായിരുന്ന അതേയളവിൽ ഇന്ന് ആത്മവരങ്ങൾ ആരിലും കാണപ്പെടുന്നില്ലെന്നുള്ളത് സാധാരണ നിരീക്ഷണത്തിൽ നിന്നും മനസ്സിലാക്കാം. അപ്പോസ്തലന്മാർ മരിച്ചവരെ ഉയിർപ്പിച്ചതായി നാം വായിച്ചിട്ടുണ്ടല്ലോ. (അപ്പോ.പ്ര.9/40, 20/11) എന്നാൽ ക്രിസ്തേതര മതങ്ങളിൽ നടക്കുന്നതിൽ കൂടുതലായൊന്നും ക്രിസ്തീയ രോഗശാന്തിക്കാർ ചെയ്യുന്നതായറിവില്ല.

ദൈവം രോഗം സൗഖ്യമാക്കുകയില്ലെന്നല്ല മേൽപ്പറഞ്ഞതിനർത്ഥം. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന ദീനക്കാരനെ എഴുന്നേൽപിക്കും.......... (യാക്കോ.5/15) എന്നാൽ അത് രോഗശാന്തി വരത്തെക്കുറിച്ചല്ല, ദൈവം പ്രാർത്ഥനക്കു മറുപടി തരുന്നതിനെക്കുറിച്ചാണ് പറയുന്നത്, യാക്കോബ് അപ്പോസ്തലൻ രോഗശാന്തിക്കാരെ വിളിക്കുവാനല്ല, മറിച്ച് നിങ്ങൾക്കുരോഗശാന്തി വരേണ്ടതിന് തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ, (യാക്കോബ് 5/16) എന്നാണ് ഉപദേശിക്കുന്നത്.

അനേകമാളുകൾക്കും ആത്മാവും ആത്മാവിന്റെ വരങ്ങളും തമ്മിൽ തിരിച്ചറിയാൻ പാടില്ലാത്തതുകൊണ്ട് വളരെ ചിന്താക്കുഴപ്പമുണ്ട്. ശിഷ്യന്മാർക്ക് ആത്മാവിനെ കൊടുക്കുവാൻ പെന്തക്കോസ്ത നാൾവരെ കർത്താവ് കാത്തിരുന്നില്ല എന്ന് എത്രപേർക്കറിയാം? വാസ്തവത്തിൽ പുനരുത്ഥാനത്തിനു തൊട്ടുപിന്നാലെതന്നെ ക്രിസ്തു അവർക്കുപ്രത്യക്ഷപ്പെട്ടപ്പോൾ അവർക്ക് ആത്മാവിനെനൽകി. "ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടമേൽ ഊതി, പരിശുദ്ധാത്മാവിനെകൈക്കൊൾവിൻ......... എന്നു പറഞ്ഞു. (യോഹ. 20/22)" ആത്മാവിനെ കൊടുക്കുന്നതിനെ സംബന്ധിച്ച് പുതിയ നിയമത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട വാക്യമാണെങ്കിലും ഏറ്റവും കുറച്ചറിയപ്പെടുന്ന വാക്യവും ഇതുതന്നെ, കാരണം ആത്മാവ് എന്നുകേൾക്കുമ്പോൾത്തന്നെ ആത്മവരങ്ങളെക്കുറിച്ചാണ് ആളുകൾ ചിന്തിക്കുന്നത്. മേൽപറഞ്ഞ വാകൃത്തിന്റെ സാരമെന്താണ്? യേശു എന്താണു ചെയ്തത്? ശിക്ഷ്യന്മാർ ആത്മാവിനെപ്രാപിച്ചിട്ടും അത്ഭുതപ്രവൃത്തി

കൾ ചെയ്യാതിരുന്നതെന്താണ്?

യേശു ശിഷ്യന്മാരുടെമേൽ ഊതി എന്നുള്ളതുവളരെ അർത്ഥവ ത്താണ്. ആത്മാവ് (Spirit) എന്നവാക്കിന്റെ അക്ഷരാർത്ഥം ശ്വാസം (Breath) എന്നാണ്, പഴയ നിയമത്തിൽ അനേകം ഭാഗങ്ങളിൽ ശ്വാസം എന്നുതന്നെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഉല്പത്തി 2/7–ൽ ദൈവം ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതിയതിനു സമാന്തരമായ ഒന്നാണ് ക്രിസ്തുചെയ്തത് ഈ ആത്മാവിന് അന്യഭാഷയുമായോ രോഗശാന്തിയുമായോ ഒരു ബന്ധവുമില്ല, മറിച്ച് പുതിയ സൃഷ്ടിക ളായ ശിഷ്യന്മാരിൽപുതിയൊരു ജീവൻ പകരുകയായിരുന്നു.

പുതിയ നിയമത്തിലെ പുതുമനുഷ്യൻ, പുതിയസൃഷ്ടി, പുതിയജീവൻ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മനസ്സിലാക്കുവാൻ യേശു പ്രാവർത്തികമായി കാണിച്ച ഈ ഉപമ ഒരു ആണിക്കല്ലാണ്. പുതിയ നിയമത്തിലെ 'ആത്മാവ്' മനസ്സിലാക്കുന്നതിനും ഇതാവശ്യ മാണ്. യോഹ. 20/22ലെ ആത്മാവും അപ്പോസ്തല പ്രവൃത്തികൾ 2/ 11ലെ വരങ്ങളും വേറിട്ടുമനസ്സിലാക്കിയാൽ റോമാ ലേഖനം, കൊലൊസ്യ ലേഖനം, എഫെസ്യ ലേഖനം എന്നിവയിലെ ആത്മാവ് എന്നവാക്കു മനസ്സിലാക്കുവാൻ വലിയ പ്രയാസമില്ല.

ആത്മാവ് എന്നപദം ഉപയോഗിച്ചിരിക്കുന്ന മിക്കഭാഗങ്ങളിലെയും സന്ദർഭം ശരിക്കുമനസ്സിലാക്കിയാൽ ആത്മവരങ്ങളെക്കുറിച്ചല്ല പുതി യൊരാത്മീയ ശൈലിയിലുള്ള ജീവിതത്തെക്കുറിച്ചാണെന്നു മനസ്സി ലാക്കാം. എന്റെ വാക്കുകൾ ഇതിനാധാരമായെടുക്കേണ്ടതില്ല. ലേഖ നങ്ങളെല്ലാം വായനക്കാർതന്നെ വായിച്ച്, യോഹ. 20/22, അപ്പോ.പ്രവൃ 2/1 നെക്കാൾ യോജിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാമെന്ന് തനിയെ ഗ്രഹി ക്കട്ടെ, അന്യഭാഷാവരം (Gift) നിന്നുപോകും എന്നുള്ളത് പൗലോ സിന്റെ വാക്കുകൾ അവഗണിച്ചാൽതന്നെ ആധുനീക അന്യഭാഷക്കാ രുടെ അവകാശവാദം അംഗീകരിക്കാൻ പ്രയാസമാണെന്നുള്ളത് ദുഃഖ കരമായ ഒരു വിരോധാഭാസമാണ്. ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കു ക, പൗലോസ് അപ്പോസ്തലന്റെകാലത്ത് യഥാർത്ഥ ആത്മവരങ്ങൾ നിലവിലിരുന്നുവെന്നത് സത്യമാണ്, എന്നാൽ നാം പരിശോധിച്ച കൊരി ന്ത്യർ 14ാം ആദ്ധ്യായത്തിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ ബുക്കിലെ D വിഭാഗം ആത്മവരങ്ങൾ നിന്നുപോകുന്നതിനു മുമ്പുതന്നെ



വ്യാജവരങ്ങൾ ഒരു പ്രശ്നമായി കടന്നുകൂടിയിരുന്നു എന്നു മന സ്സിലാക്കാം. ഒന്നാം നൂറ്റാണ്ടിൽ അങ്ങനെ നടന്നുവെങ്കിൽ ഇപ്പോൾ എത്രയധികം?.

6 6 6 6 6 6 6 6 6 6 6 6 6 6 6

## അദ്ധ്യായം 4.

### ക്രിസ്ത്യാനികൾ ഇക്കാലത്ത് അന്യഭാഷ സംസാരിക്കണോ?

*(പൗലോസിന്റെ പ്രസ്താവനയിലേക്കൊരു തിരിഞ്ഞുനോട്ടം)*

*നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം*

*(1കൊരി. 14/5)*

കഴിഞ്ഞ അദ്ധ്യായങ്ങളുടെ വെളിച്ചത്തിൽ പൗലോസിന്റെ വാക്കു കൾ ഇപ്പോൾ നമുക്ക് വ്യക്തമായി മനസ്സിലാക്കാം, മറ്റുള്ളവരെപ്പോലെ ദൂതന്മാരുടെ ഭാഷകളിലല്ല, പെന്തെക്കോസ്തുനാളിൽ അപ്പോസ്തല ന്മാർ ചെയ്തതുപോലെ നിങ്ങളെല്ലാവരും യഥാർത്ഥ അന്യഭാഷകളിൽ സംസാരിക്കണമെന്നാണ് പൗലോസ് ആഹ്വാനംചെയ്യുന്നത്. ഇന്ന് ആർക്കെങ്കിലും ഒരു വിദേശഭാഷയിൽ അപ്രകാരം സുവിശേഷം പ്രസം ഗിക്കുവാൻ സധിക്കുമെങ്കിൽ ദൈവം അവരോടുകൂടെയിരിക്കും.

പൗലോസ് കൊരിന്തിലെ ഒരു പ്രത്യേക പ്രശ്നത്തെ അഭിസംബോ ധന ചെയ്യുകയായിരുന്നുവെന്ന് നാം ഓർത്തിരിക്കേണ്ടതാണ്. ഓരോ വിശ്വാസിയും അന്യഭാഷയിൽ സംസാരിക്കണമെന്നാണ് അപ്പോ സ്തലൻ ആഗ്രഹിച്ചിരുന്നതെങ്കിൽ മറ്റൊരു ലേഖനത്തിലും അന്യഭാ ഷയെക്കുറിച്ചു പ്രതിപാദിക്കാതെ ഇരുന്നത് എന്തുകൊണ്ടാണ്?.

റോമാലേഖനം 12/6,8 വാക്യങ്ങളിൽ താഴെപ്പറയുന്നവരങ്ങൾ കൊടുത്തിരിക്കുന്നു, പ്രവചനം, ശുശ്രൂഷ, ഉപദേശം, പ്രബോധനം, ദാനം, ഭരണം, കരുണ, ഇവിടെ അന്യഭാഷയില്ല. പ്രവചനം അന്യ ഭാഷ യാണെന്നു ചിലർ പറഞ്ഞേക്കാം, അതൊരു അസംബന്ധവാദമാണ് ഇതു രണ്ടും രണ്ടാണെന്നു പൗലോസ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നും വിശേഷാൽ പ്രവചിക്കണം എന്നും ഞാൻ ഇച്ഛിക്കുന്നു. അന്യഭാഷക ളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് ആത്മിക വർദ്ധന ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവൻ അവനെക്കാൾ വലിയ

വൻ (1കൊരി. 14/5)

പുതിയനിയമത്തിൽ പ്രവചനം എന്നാൽ ഭാവിയെക്കുറിച്ചു മുൻകൂട്ടി പറയുക എന്നർത്ഥമുണ്ട് എന്നാൽ വിശാലമായ അർത്ഥത്തിൽ പ്രസംഗിക്കുക, സുവിശേഷം തെളിവായി പറയുക, ദൈവത്തെ സ്തുതിക്കുക. (മറ്റുള്ളവർക്കു മനസ്സിലാകുന്ന ഭാഷയിൽ) ഇതൊക്കെയാണ് ആ വാക്കിനർത്ഥം.

പൗലോസിന്റെ ലേഖനങ്ങൾ ആധികാരികമായി എടുത്താൽ, ഇന്നത്തെ ക്രിസ്ത്യാനികൾ അന്യഭാഷ സംസാരിക്കുമോ എന്നതല്ല, മറിച്ച് ശുശ്രുഷ ചെയ്യുന്നതിനോ ദൈവവചനം തെളിവായി സംസാരിക്കുന്നതിനോ (പ്രവചനം) പഠിപ്പിക്കുന്നതിനോ ധൈര്യപ്പെടുത്തുന്നതിനോ (പ്രബോധനം) മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ദാനം ചെയ്യുന്നതിനോ, നേതൃത്വവും കരുണയും കാണിക്കുന്നതിനോ ഒക്കെ കഴിയുമോ എന്നതാണ് പ്രശ്നം, പൗലോസ് എഴുത്തുകളയച്ച എല്ലാ സഭകളെയും നോക്കുക, റോമായിലെ സഭ, ഗലാത്യർ, അന്ത്യോഖ്യ, ഇക്കോണിയം, യിസ്ട്ര, ഡർബ, എഫെസ്യ, ഫിലിപ്പിയ, കൊലോസ്സ്യ, (അടുത്തുള്ള ലവോദീക്യയിൽപ്പെട്ട തെസ്സലോനീക്യ, ക്രേത്ത, തിത്തുസ്)

എബ്രായർക്കെഴുതിയ ലേഖനം, പത്രോസ് എഴുതിയ ലേഖനം, യാക്കോബ് എഴുതിയ ലേഖനം, യോഹന്നാന്റെ ലേഖനം, യൂദ എഴുതിയ ലേഖനം, വെളിപ്പാടിന്റെ ആരംഭത്തിലെ ഏഴു സഭകൾക്കുള്ള ദൂത് ഇവയെല്ലാം പരിശോധിക്കുക. അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച് ഈ ലേഖനങ്ങളിലൊന്നിലും കാണാത്തത് എന്തുകൊണ്ടാണ്? അന്യഭാഷയിൽ സംസാരിക്കുന്നത് ആത്മാവിന്റെ അടയാളമാണെങ്കിൽ മേൽപ്പറഞ്ഞ സഭകളോടൊന്നും എന്തുകൊണ്ടീക്കാര്യം പറഞ്ഞില്ല?

ഇതിന്റെയെല്ലാം അർത്ഥം, കൊരിന്തിലെ അന്യഭാഷ ക്രമക്കേടുകളുണ്ടാക്കിയ ഒരു പ്രാദേശിക പ്രശ്നമായിരുന്നു എന്നതാണ്. മറ്റു സഭകൾക്ക് അനുകരിക്കാനുള്ള ഒരു മാതൃകയായിട്ടല്ല, നിയന്ത്രണത്തിൽ കൊണ്ടുവരേണ്ട ഒരു പ്രശ്നമായിട്ടാണ് അപ്പോസ്തലൻ ഇതിനെക്കണ്ടത്.

ആധുനിക സഭകളും കൊരിന്ത്യസഭകളും തമ്മിൽ ഒരുതാരതമ്യം



1. സ്ത്രീകളുടെ നേതൃസ്ഥാനം
2. പാട്ട്, സംഗീതം എന്നിവയുടെ അതിപ്രാധാന്യം
3. ആത്മാവേശം
4. അന്യഭാഷ

അലക്സാന്ത്രിയായിലെ യഹൂദന്മാരുടെ തെറാപ്യുട്ടേയും കൊരിന്തിലെ ക്രിസ്തീയ സഭയും തമ്മിലുള്ള ബന്ധം കാണിക്കുവാൻ ഈ നാലു ഘടകങ്ങൾ മതിയാകുമായിരുന്നു. വേറെയെവിടെ നമുക്കീ സാധർമ്മ്യം കാണാൻകഴിയും? ഇന്നത്തെ പരിശുദ്ധാത്മ സഭകൾ എന്നറിയപ്പെടുന്നവയിൽ ഇതുതന്നയല്ലേ കാണുന്നത്?

കൊരിന്ത്യയിലും അലക്സാന്ത്രയായിലും ഉണ്ടായിരുന്ന അതേപ്രതിഭാസം ഇന്നത്തെ ആത്മാവു സഭകളിൽ കാണുന്നുവെങ്കിൽ കൊരിന്ത്യരോടുള്ള പൗലോസ് അപ്പോസ്തലന്റെ ഉപദേശം ഇന്നത്തെ സഭകളും കാര്യമായിട്ടെടുക്കേണ്ടതല്ലേ?

**അന്യഭാഷകൾക്കൊരു പരിശോധന?**

അന്യഭാഷകൾ പ്രയോഗത്തിലിരിക്കുന്ന സഭകൾക്കുള്ള വേദഭാഗം 1കൊരിന്ത്യർ.14/27,35 വരെയാണ്. ഇവിടെ പൗലോസ് അന്യഭാഷ ഉപയോഗിക്കുന്നതിന് ആവശ്യമായ നിബന്ധനതരുന്നു.

അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ, അവർ ഓരോരുത്തരായി സംസാരിക്കുകയും ഓരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ. (1കൊരിന്ത്യർ 14/27,28,35)

“വിശുദ്ധന്മാരുടെ സർവ്വ സഭകളിലുമെന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരക്കട്ടെ, ന്യായപ്രമാണം പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല........... സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലയോ.........”

മേൽപ്പറഞ്ഞ ഭാഗങ്ങൾ എടുത്തുകാണിക്കുന്നത്.

1. പറയുന്ന വചനങ്ങൾ തെളിവുള്ളതായിരിക്കണം (14/9,19)
2. രണ്ടോ മുന്നോ പേർ മാത്രമേ സംസാരിക്കാവു (14/19 )
3. ഓരോരുത്തരായി (ഒരുസമയത്ത് ഒരാൾമാത്രം) സംസാരിക്കണം

(14/27)
4. സ്ത്രീകൾക്ക് സഭയിൽ സംസാരിക്കുവാൻ അനുവാദമില്ല (14/27)

## പൗലോസിന്റെ നിബന്ധനകൾ ഇന്ന്

അന്യഭാഷ സംസാരിക്കണമെന്നു നിഷ്ക്കർഷിക്കുന്ന ഒരു സഭയും പൗലോസ് അനുശാസിക്കുന്ന നിയമങ്ങൾ അനുസരിക്കുന്നുണ്ടെന്നു തോന്നുന്നില്ല. അനുസരിക്കുന്നവർ അന്യഭാഷായോഗങ്ങളുടെ ചൂടും, ഉണർവ്വും ഇല്ലാതെയാക്കുന്നുവെന്നു മനസ്സിലാകും. അപ്പോസ്തലൻ ഇതുതന്നയല്ലേ ആഗ്രഹിച്ചതെന്നു വിചാരിക്കണമെന്നു നിർബ്ബന്ധമുള്ളവർ പൗലോസിന്റെ ഉപദേശങ്ങളെ അവഗണിച്ചും അതുചെയ്യും, കാരണം അവർക്ക് പൗലോസിനേക്കാളധികം അളവിൽ ആത്മാവുണ്ടെന്നാണവർ വിചാരിക്കുന്നത്.

സത്യവേദപുസ്തകം ഗൗരവമായെടുക്കുന്നവർക്ക് ഇതു തീർച്ചയായും നിരാശാജനകമാണ്, ഒരുകാര്യം ഓർക്കാം, പൗലോസ് ഇതെഴുതുമ്പോൾത്തന്നെ എല്ലാവരും അത് അനുസരിക്കുമെന്നു കരുതിയിരിക്കയില്ല (1കൊരി.14/27) അന്നു പൗലോസിനു ചെവികൊടുക്കാത്തവർ ഇന്ന് ആർക്കു ചെവികൊടുക്കും?

## പൗലോസ് അവസാനമായി പറയുന്നവാക്കു ശ്രദ്ധിക്കുക

ഞാൻ പ്രവാചകൻ എന്നോ ആത്മികൻ എന്നോ ഒരുത്തനു തോന്നുന്നു എങ്കിൽ ഞാൻ നിങ്ങൾക്കു എഴുതുന്നതു കർത്താവിന്റെ കല്പന ആകുന്നു എന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ. ഒരുവൻ അറിയുന്നില്ലെങ്കിൽ അവൻ അറിയാതിരിക്കട്ടെ (ഒരുവൻ ഇത് അംഗീകരിക്കുന്നില്ലെങ്കിൽ അവനെയും അംഗീകരിക്കരുത്. (1കൊരി. 14/37,38) (1Cor.14/38 But if he does not pay attention to this, pay no attention to him)

*പരിശുദ്ധാത്മാവ് എന്ന വിഷയത്തെക്കുറിച്ച് വിശദമായി പഠിക്കണമെന്നുള്ളവർ ഈ പുസ്തകത്തിന്റെ കവർ*



*പേജിൽകാണുന്ന അഡ്രസ്സിൽ ആവശ്യപ്പെടുക*



**ചോദ്യങ്ങൾ**

1. പെന്തക്കോസ്തു നാളിൽ അന്യഭാഷകൾ ഏതെല്ലാമായിരുന്നു?
2. കൊർന്നല്യോസ് സംസാരിച്ച ഭാഷകൾ ഏതെല്ലാമായിരുന്നു?
3. ഗ്ലോസ്സൊലാലിയ എന്നാൽ എന്താണ്?
4. അലക്സാന്ത്രയായിലെ ദൂതഭാഷ എന്തായിരുന്നു?
5. കൊരിന്ത്യയിലെ അന്യഭാഷകൾ എന്തെല്ലാമായിരുന്നു?
6. അപ്പോസ്തലന്മാരുടെ മരണശേഷം ആത്മവരങ്ങൾക്ക് എന്തു സംഭവിച്ചു?
7. ഇക്കാലത്തെ അന്യഭാഷയെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്?
8. യോഹന്നാൻ 20:22ൽ പറയുന്ന ആത്മാവ്, എന്താണെന്നു വിവരുക്കുക?
9. അന്യഭാഷയ്ക്ക് പൗലോസ് നിർദ്ദേശിക്കുന്ന അഞ്ചു പരിശോധനകൾ എന്തെല്ലാം?
10. നിബന്ധനകൾ അംഗീകരിക്കാത്തവരെക്കുറിച്ച് പൗലോസ് എന്താണു പറയുന്നത്?

## മുഖവുര

പതിന്നാലിൽ പരം ഭാഷകളിൽ പ്രാവിണ്യമുള്ള ഒരു വേദപണ്ഡിതനാണ് ക്രിസ്തുവിൽ എന്റെ സഹോദരനായ സ്റ്റീവൻ കോക്സ്. അദ്ദേഹം എഴുതിയ Tongues of Angels എന്ന ഈ ചെറുപുസ്തകം സ്വതന്ത്ര പരിഭാഷചെയ്യുവാൻ അനുവാദം തരികയും നേരിട്ടും ടെലഫോൺമുഖേനയും ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്തതിന് ആദ്യമായി ദൈവനാമത്തിൽ നന്ദിഅറിയിക്കട്ടെ, മലയാളപരിഭാഷ പരിശോധിച്ചു വേണ്ടതിരുത്തലുകൾ ചെയ്തുതന്ന ശ്രി. ജോസഫ് താന്നിക്കലിനോടും, ശ്രമകരമായ മലയാളം ടൈപ്പ് സെറ്റിഗ് ചെയ്തുതന്ന സഹോദരൻ ബേബിച്ചനോടും, പ്രിന്റിംഗിനു സഹായിച്ച സഹോദരൻ തിമോത്തി ഗാൽബ്രത്തിനും സഹപ്രവർത്തകർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു.

വേദപുസ്തകപഠനത്തിൽ എന്റെ സഹോദരന്മാരെ ഈ പുസ്തകം സഹായിക്കുമെന്നും അപ്രകാരം ദൈവനാമം മഹത്വപ്പെടുമെന്നും പ്രത്യാശിക്കുന്നു. (ഇംഗ്ലിഷ് പുസ്തകത്തിലെ ചില ഭാഗങ്ങൾ സഹോ: സ്റ്റീവന്റെ അനുവാദത്തോടെ വിട്ടുകളഞ്ഞിട്ടുണ്ട്)

നന്ദിപൂർവ്വം പരിഭാഷകൻ

മാത്യുസ് പള്ളിവാതിൽ.

Cover illustration: El Greco ‘The Apostles Peter and Paul’

Scripture quotations from the HOLY BIBLE, NEW INTERNATIONAL VERSION ®. Copyright © 1973, 1978, 1984 by International Bible Society. Used by permission of Zondervan Publishing House. All rights reserved. The “NIV” and “New International Version” trademarks are registered in the United States Patent and Trademark Office by International Bible Society. Use of either trademark requires the permission of International Bible Society.

Where Bible quotations indicate 'TEV' they are taken, for reasons of accuracy or clarity, from TODAY'S ENGLISH VERSION / GOOD NEWS BIBLE © 1976 British and Foreign Bible Society, Swindon.

Extracts from *Testament of Job* translated by the author from the Greek edition in TESTAMENT OF JOB ACCORDING TO THE SV TEXT edited by R. Kraft © 1974 Society of Biblical Literature, distributed by University of Montana.

Extracts from *The Contemplative Life* primarily taken from THE WORKS OF PHILO translated by C.D. Yonge 1855, new updated version © 1993 by Hendrickson Publishers Inc., but with some changes for clarity (eg. 'libation' rendered 'wine offering') and checked with the Greek text © 2000 TLG Project, Berkeley.

Extracts from Iranaeus from THE APOSTOLIC FATHERS, and Eusebius from THE NICENE AND POST-NICENE FATHERS both edited by Philip Schaff, © 1977 Ages Software, Albany.

Published by :

**The Christadelphians**

**GPO Box 159, Hyderabad**

**A.P. 500001 INDIA**

To whom all enquiries may be made if there is no address stamped on the back, or inside back cover.